# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 മാർച്ച് 27 | ദീപം 58 | നാളം 4 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കേരളം കടഭാരത്തിന്റെ നടുക്കടലിൽ



ഡിജോ കാപ്പൻ

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കേരളസർക്കാർ ഫലപ്രദമായി ഇടപെടുന്നില്ലേ? വന്യജീവികളുടെ ആക്രമണങ്ങളിൽനിന്ന് വനാതിർത്തിയിൽ താമസിക്കുന്നവർക്കു സംരക്ഷണം കിട്ടുന്നില്ലെന്ന പരാതി പൊതുസമൂഹത്തിൽനിന്നു വർധിച്ചുവരുന്ന സാഹചര്യത്തിലാണ് വനപാലകർക്കുതന്നെ സ്വയരക്ഷയ്ക്കുവേണ്ടി കടുവയെ വെടിവച്ചുകൊല്ലേണ്ടിവന്നത്. സർക്കാരിന്റെ ദൈനംദിനപ്രവർത്തനങ്ങൾക്കു പണം തികയാതെ വരുന്നതുകൊണ്ട് കിട്ടുന്നിടത്തുനിന്നെല്ലാം കടം മേടിക്കുന്ന അവസ്ഥ ഒരു വശത്തും സർക്കാർ പണംകൊടുക്കാനുള്ളവരോടു പിന്നെത്തരാം എന്നു പറയേണ്ട സ്ഥിതി മറ്റൊരു വശത്തും. എൽ.പി., യു.പി. സ്കൂളികളിലെ കുട്ടികൾക്കായി നടത്തുന്ന എൽ. എസ്. എസ്, യു. എസ്. എസ്. മത്സരപ്പരീക്ഷയിൽ വിജയിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക 2017 മുതൽ കുടിശ്ശികയായിരിക്കുകയാണെന്ന് നിയമസഭയിൽ മന്ത്രി വെളിപ്പെടുത്തി. ഇത്തരത്തിൽ കഴിവു തെളിയിച്ച കുരുന്നുകൾക്കു ലഭിക്കാനുള്ളത് 4.47 കോടി രൂപയാണ്. നാളെകളിൽ ഈ കുട്ടികൾ ഉപരിപഠനത്തിനായും തുടർന്നുള്ള ജീവിതത്തിനും കേരളം വിട്ടുപോകുന്നതാണ് തന്റെ ഭാവിക്കു നല്ലതെന്നു ചിന്തിച്ചാൽ അവരെ ആർക്കു കുറ്റപ്പെടുത്താനാവും?

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റപ്പഞ്ചായത്തിൽ മൂന്നാം വാർഡിൽ താമസിക്കുന്ന കർഷകൻ പുതുപ്പള്ളി ജോഷിയുടെ നല്ല കായ്ഫലമുള്ള 22 തെങ്ങുകളിൽ 18 എണ്ണത്തിന്റെയും മണ്ട വെട്ടിമാറ്റാൻ കാരണം സമാധാനത്തോടെ ജീവിക്കണം എന്ന ആഗ്രഹമാണ്. തെങ്ങിൽനിന്നു ലഭിക്കുന്ന വരുമാനത്തെക്കാൾ വലുത് മനുഷ്യജീവനാണെന്ന ചിന്തയിലാണ് ജോഷി ഇത്തരം ഒരു തീരുമാനം എടുത്തത്. തേങ്ങായ്ക്കു ഭേദപ്പെട്ട വില ഉണ്ടെങ്കിലും കൂട്ടമായി എത്തുന്ന കുരങ്ങന്മാർ തേങ്ങയും കരിക്കും പറിച്ചെടുത്ത് വീട്ടുമുറ്റത്തു നിൽക്കുന്ന മക്കളുടെയും ഭാര്യയുടെയും നേരേ എറിയുകയാണ്. അധികാരികളോടു പരാതിപ്പെട്ടെങ്കിലും ഒരു നടപടിയും ഉണ്ടാവാത്തതുകാരണമാണ് തെങ്ങിൽനിന്നുള്ള വരുമാനത്തെക്കാൾ വലുത് ജീവന്റെ വിലയാണെന്ന തിരിച്ചറിവിൽ ഈ കടുംകൈ ചെയ്തത്. ജോഷിയുടെ അനുഭവമുള്ള ആയിരക്കണക്കിനു കുടുംബനാഥന്മാർ കേരളത്തിലുണ്ട്.

2019 ൽ സർക്കാർ പ്രഖ്യാപിച്ച നവീകരണപദ്ധതിപ്രകാരം വന്യമൃഗശല്യത്താൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബം ഒന്നിന് 15 ലക്ഷം രൂപ നൽകി ഭൂമി ഏറ്റെടുക്കും എന്നതായിരുന്നു വാഗ്ദാനം. വനാതിർത്തിയിലുള്ള അനേകം കുടുംബങ്ങൾ ഈ പദ്ധതിയുമായി സഹകരിച്ച് ഭൂമി വനംവകുപ്പിന് എഴുതിനൽകി വാടകവീടുകളിലേക്കു താമസം മാറ്റി. കുറെ കുടുംബങ്ങൾക്ക് ആദ്യഗഡു തുക കിട്ടിയപ്പോൾ റീബിൽഡ് കേരളഫണ്ട് തീർന്നു. തുടർന്ന് കിഫ്ബിയെ ആശ്രയിച്ചു മുന്നോട്ടുനീങ്ങി. ഇപ്പോൾ അതും നിലച്ച മട്ടായി. സർക്കാരിന്റെ വാക്കു വിശ്വസിച്ച് വർഷങ്ങളായി കഠിനാധ്വാനം ചെയ്തുണ്ടാക്കിയ ഫലവൃക്ഷങ്ങളും കിടപ്പാടവും വനംവകുപ്പിനും വന്യമൃഗങ്ങൾക്കുമായി കൈമാറിയ കർഷകന്റെ കണ്ണുനീരിന് ഭരണാധികാരികൾക്കുമുമ്പിൽ എന്തുവില?

വരുമാനവർധനയെക്കാൾ ചെലവു വർധിച്ചാൽ വ്യക്തികൾക്കായാലും സ്ഥാപനങ്ങൾക്കായാലും സർക്കാരിനായാലും പണം കടം എടുക്കേണ്ടിവരും. കേരള സംസ്ഥാനം രൂപീകൃതമായതുമുതൽ നാളിതുവരെ എടുത്തിട്ടുള്ള കടത്തെ സഞ്ചിതകടമെന്നു വിളിക്കുന്നു. 2025-26 ബജറ്റനുസരിച്ച് സർക്കാരിന്റെ സഞ്ചിതകടം 4,81,997.62 കോടി രൂപയാണ്.

സഞ്ചിതകടം 2000-01 മുതൽ 2010-11 വരെ ചെറിയ വർധനവാണ് കാണിക്കുന്നതെങ്കിൽ പിന്നീട് കടത്തിന്റെ ഗ്രാഫ് കുത്തനെ ഉയരുകയാണു ചെയ്യുന്നത്. 1970 മുതലുള്ള കടത്തിന്റെ വർധന പരിശോധിച്ചാൽ ശരാശരി വളർച്ച 17.48 ശതമാനം ആയിരുന്നത് 1996 -2000 കാലഘട്ടത്തിൽ 23 ശതമാനമായി ഉയർന്നു. 1997 ലെ കേന്ദ്രസർക്കാരിന്റെ അഞ്ചാം ശമ്പളക്കമ്മീഷൻ ശിപാർശകൾ നടപ്പാക്കിയതോടെ ഇന്ത്യയുടെയും മറ്റു സംസ്ഥാനങ്ങളുടെയും ധനസ്ഥിതി വളരെ മോശമായി.

▶13

# കണ്ണീർമഴയിൽ നനഞ്ഞ പാടവരമ്പുകൾ



അനിൽ ജെ. തയ്യിൽ



വിയർപ്പൊഴുക്കി നാടിനെ അന്നമൂട്ടുന്ന നെൽക്കർഷകർക്ക് ഈ വർഷവും കൊയ്തു ബാക്കിയാവുന്നത് വറുതിയുടെ കണ്ണീരുണങ്ങാക്കാലം. കുത്തക മില്ലുകാർക്കു ലാഭമുണ്ടാക്കാൻ രാഷ്ട്രീയ-ഉദ്യോഗസ്ഥലോബിയുടെ വഴിവിട്ട കളികൾമൂലം കൂടുതൽ കിഴിവുനല്കി നെല്ലു വിൽക്കേണ്ട ഗതികേടിലാണ് കർഷകർ. കർഷകന്റെ നേർക്കു കനിവില്ലാത്ത സർക്കാർനയത്തിന്റെ ബാക്കിപത്രമാവുന്നത് വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുന്ന നെൽക്കൃഷിയുടെ കണക്കാണ്. നിലവാരമുള്ള നെല്ലിനും സംഭരണത്തിൽ കിഴിവ് ആവശ്യപ്പെട്ട മില്ലുകാർ നെല്ലു സംഭരണം മുടക്കിയതോടെ കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ നെൽക്കൂനകൾക്കു കാവലിരിക്കുകയാണ് കർഷകർ. മഴയുടെ വരവുകൂടിയായപ്പോൾ കർഷകനെഞ്ചിൽ ഇടിമുഴക്കം തുടങ്ങി. കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പാടശേഖരമായ കാഞ്ഞിരം ബ്ലോക്കിലെ 1200 ഏക്കർ കൃഷിയിൽ 400 ഏക്കറിലെ കൊയ്ത്ത് പൂർത്തിയാക്കി റോഡരികിൽ നെല്ല് കൂനകൂട്ടിയിട്ട് 14 ദിവസമായി. അതുപോലെതന്നെ പറേക്കടവ് പാടശേഖരത്തിൽ 17 ദിവസവും വെമ്പള്ളി പാടശേഖരത്തിൽ 21 ദിവസവുമായി കൊയ്ത്തുകഴിഞ്ഞിട്ട്. കുമരകം തുമ്പേക്കായൽ പാടശേഖരത്തിലും കിഴക്കേ പള്ളിക്കായൽ പാടശേഖരത്തിലും കൊയ്ത്തു കഴിഞ്ഞിട്ടു ദിവസങ്ങളായി. സപ്ലൈകോയ്ക്കുവേണ്ടി നെല്ലു സംഭരിക്കുന്ന മില്ലുകാർ എത്താതെ റോഡിലും പാടങ്ങളിലുമായി നെൽക്കൂനയ്ക്കു കാവലിരിക്കുകയാണ് കർഷകർ. സംഭരിക്കുന്ന നൂറു കിലോ നെല്ലിന് രണ്ടു കിലോ കിഴിവു വേണമെന്നാണ് മില്ലുകാരുടെ ആവശ്യം.

## എന്താണ് നെല്ലുസംഭരണത്തിലെ കിഴിവ്?

നെല്ലിന്റെ ഗുണനിലവാരമനുസരിച്ച്, സംഭരിക്കുന്ന നെല്ലിന്റെ വിലയിൽ കർഷകർക്ക് നിശ്ചിതശതമാനം കുറവുതുക നൽകുന്നതിനാണ് കിഴിവ് അഥവാ താര എന്നുപറയുന്നത്. നെല്ലിലെ ജലാംശം 17 ശതമാനത്തിൽ താഴെയും കറവലും (നെല്ലിന്റെ പുറംഭാഗത്ത് കറുപ്പ് തോന്നിക്കുന്നത്) പതിരും മൂന്നു ശതമാനത്തിൽ താഴെയുമായിരിക്കണം എന്നതാണ് സപ്ലൈകോ നിശ്ചയിച്ചിരിക്കുന്ന നിലവാരമാനദണ്ഡം.

കാഞ്ഞിരം ജെ ബ്ലോക്ക് പാടശേഖരത്തെ നെല്ലിന്, നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരമുണ്ടെന്ന് കഴിഞ്ഞദിവസം രാവിലെ നെല്ലു പരിശോധിച്ചു വ്യക്തമാക്കിയ പാഡി മാർക്കറ്റിങ് ഓഫീസർ രാഷ്ട്രീയ-ഉദ്യോഗസ്ഥ-മില്ല് ലോബിയുടെ അവിശുദ്ധ കൂട്ടുകെട്ടിന്റെ സമ്മർദത്തിനു വഴങ്ങി ഉച്ചകഴിഞ്ഞപ്പോൾ മലക്കംമറിഞ്ഞു. നൂറു കിലോ നെല്ലിന് രണ്ടു കിലോ കിഴിവു നൽകണമെന്ന മില്ലുകാരുടെ ആവശ്യത്തിനൊപ്പം പാഡി ഓഫീസറും സർക്കാരും ഉറച്ചുനിന്നതോടെ കർഷകർ പെരുവഴിയിലായി. വേനൽമഴയെത്തിയിട്ടും കൂന കൂട്ടിയിട്ടിരിക്കുന്ന നെല്ല് സംഭരിക്കാതെ സമ്മർദതന്ത്രമൊരുക്കി. ഒടുവിൽ ഒരു കിലോ നെല്ല് കിഴിവു നല്കാമെന്നു കർഷകർ സമ്മതിച്ചെങ്കിലും രണ്ടു കിലോ നല്കാമെന്നാണ് അവർ സമ്മതിച്ചതെന്ന് ഉദ്യോഗസ്ഥ-മില്ല് ലോബി വ്യാജപ്രചാരണം നടത്തിയതോടെ വീണ്ടും സംഭരണത്തിന്റെ സ്ഥിതി അവതാളത്തിലായി.

## വീണ്ടും ചതി

കൊയ്ത നെല്ല് കൂട്ടിയിട്ടിരിക്കുമ്പോൾത്തന്നെ സമീപപാടശേഖരങ്ങളിലെ നെല്ലും കൊയ്യാൻ സമയമായിരിക്കുന്നു.

▶ 13

# കേൾക്കുമോ ഈ നിലയ്ക്കാത്ത നിലവിളികൾ!



മേരി സെബാസ്റ്റ്യൻ

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. 'നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ; ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ' എന്ന് അരുൾചെയ്തു. സൃഷ്ടിയുടെ മകുടമായ സ്ത്രീയോടു ദൈവം പറഞ്ഞു: "നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും." അങ്ങനെ സ്ത്രീയുടെ മാതൃത്വത്തിന് ദൈവം കൈയൊപ്പു ചാർത്തി അവളുടെ ദൗത്യം ഉയർത്തിപ്പിടിച്ചു.

യുഗയുഗാന്തരങ്ങൾ പിന്നിട്ടു...! മാതൃത്വത്തിന്റെ മഹനീയത കൈമോശം വന്നുകൊണ്ടിരിക്കുന്ന സൈബർയുഗത്തിലാണു നാമിന്നു ജീവിക്കുന്നത്. ഭൗതികസംസ്കാരം എത്രകണ്ടു വളർന്നാലും പ്രകൃതിനിയമങ്ങൾക്കോ അടിസ്ഥാനതത്ത്വങ്ങൾക്കോ യാതൊരുവിധ മാറ്റവും വരാൻ പാടില്ല. മാതൃത്വമെന്നത് സ്ത്രീയിൽമാത്രം നിക്ഷിപ്തമായിരിക്കുന്ന ഒരു 'കാരിസ'മാണ്. അമ്മ ജീവനോട് ഏറ്റവും അടുത്തിരിക്കുന്നവളും ജീവന്റെ ഉറവിടമായ ദൈവത്തോടു സഹകരിക്കേണ്ടവളുമാണ്. ഭൂമിയിൽ ദൈവത്തിന്റെ പകരക്കാരിയാണവൾ. ജെറമിയാപ്രവാചകനിലൂടെ ദൈവം അരുൾ ചെയ്തു: "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുന്നേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി നിന്നെ ഞാൻ നിയോഗിച്ചു." ഒരു ശിശുവിന്റെ ജനനം ഏതു രൂപത്തിലും ഭാവത്തിലും തരത്തിലും തലത്തിലുമാണെങ്കിലും സ്രഷ്ടാവിനു സൃഷ്ടിയുടേമേൽ ശുഭകരമായ ഒരു പ്ലാനും പദ്ധതിയുമുണ്ട്. അതുകൊണ്ടാണല്ലോ അന്ധരും ബധിതരും മൂകരും തുടങ്ങി വിവിധതരം ഭിന്നശേഷിക്കാരായ മനുഷ്യർ ലോകത്തിനു ശബ്ദമായി, വെളിച്ചമായി, മാർഗമായി, മാതൃകയായി തങ്ങളുടെ ജീവിതവീഥികളിൽ വിളങ്ങിനിൽക്കുന്നത്!!

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു: "മനുഷ്യജീവൻ ഗർഭകാലത്തിന്റെ ആദ്യനിമിഷംമുതൽ പരിപൂർണമായും ബഹുമാനിക്കപ്പെടേണ്ടതാണ്. ജീവന്റെ ആരംഭംമുതൽത്തന്നെ ഒരു മനുഷ്യശിശുവിന് ഏതൊരു വ്യക്തിക്കുമുള്ള അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കേണ്ടിയിരിക്കുന്നു." പോൾ ആറാമൻ മാർപാപ്പായുടെ 'ഹ്യൂമാനേ വീത്തേ' എന്ന ചാക്രികലേഖനവും ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ 'ജീവന്റെ സുവിശേഷം' എന്ന ചാക്രികലേഖനവും ഭ്രൂണഹത്യ എന്ന മരണസംസ്കാരത്തെ അപഗ്രഥിക്കുകയും ഗൗരവപാപമായി അപലപിക്കുകയും ചെയ്യുന്നു. "ഗർഭച്ഛിദ്രം മാപ്പില്ലാത്ത കുറ്റം. ഓരോ ശിശുവും ഒരു കുടുംബത്തിന്റെതന്നെ ചരിത്രം മാറ്റിമറിക്കുന്ന സമ്മാനമാണ്." ഫ്രാൻസീസ് മാർപാപ്പായുടെ വാക്കുകളാണിത്.



ലോകത്ത് ഒരുവർഷം അഞ്ചരക്കോടിയോളം ശിശുക്കൾ അമ്മയുടെ ഉദരത്തിൽവച്ച് അതിദാരുണമായി വധിക്കപ്പെടുന്നു. അതിൽ ഒന്നരക്കോടിയോളം കുഞ്ഞുങ്ങൾ അഹിംസയ്ക്കു പുകൾപെറ്റ ആർഷഭാരതത്തിലും മൂന്നു ലക്ഷത്തോളം കുഞ്ഞുങ്ങൾ ദൈവത്തിന്റെ സ്വന്തം നാടെന്നു വിളിപ്പേരുള്ള സാക്ഷരകേരളത്തിലുമായി വധിക്കപ്പെടുന്നു. വനിതാകമ്മീഷന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ പതിനഞ്ചു ലക്ഷത്തോളവും കേരളത്തിൽ അരലക്ഷത്തോളവും പെൺഭ്രൂണഹത്യകളാണ് ഓരോ വർഷവും നടക്കുന്നത്. വിവിധ കാരണങ്ങളാൽ പരാജയപ്പെടുന്ന ഗർഭച്ഛിദ്രങ്ങൾമൂലം ലോകമെമ്പാടുമായി ലക്ഷക്കണക്കിനു സ്ത്രീകൾ മരണപ്പെടുകയും ശാരീരികമാനസിക വൈകല്യങ്ങളിലേക്കു വഴുതിവീണ് ദുരിതത്തിലാവുകയും ചെയ്യുന്നുണ്ട്. ഡോക്ടർമാരുടെ ഹൃദയസ്പർശിയായ 'ഹിപ്പോക്രാറ്റിക്' പ്രതിജ്ഞകളെല്ലാം വെറും ജലരേഖകളാക്കി സത്യവും നീതിയും കരുണയും മറന്ന് അബോർഷൻ ക്ലിനിക്കുകളുടെ എണ്ണം വർധിപ്പിക്കുന്നു. ജീവന്റെ കാവൽക്കാരാകേണ്ടവർ ലക്ഷങ്ങൾ പ്രതിഫലം വാങ്ങി ഈ ഭൂമിയെ നനച്ച നിഷ്കളങ്കരക്തത്തിന്, ശബ്ദമില്ലാത്ത നിലവിളിക്ക് എന്താണു പരിഹാരം? എവിടെയാണു പ്രതിവിധി? ദൈവം ക്ഷമിക്കട്ടെ!!

ദൈവം തന്റെ പ്രാണനെ മനുഷ്യശരീരത്തിലേക്ക് ഉച്ഛ്വസിച്ചു. അങ്ങനെ മനുഷ്യജീവൻ ഉടലെടുത്തുവെന്ന് വി. ഗ്രന്ഥം ഓർമപ്പെടുത്തുന്നു. എന്നാൽ, ഭൂമിയിലാകട്ടെ - പുരുഷന്റെ ബീജം സ്ത്രീയുടെ അണ്ഡവുമായി കൂടിക്കലരുന്നത് ഫലദായകമായ സമയമാണെങ്കിൽ ആ നിമിഷത്തിൽത്തന്നെ സ്ത്രീയുടെ ഉദരത്തിൽ പുതുജീവൻ രൂപം കൊള്ളുന്നു. എന്നാൽ, അമ്മ ഈ യാഥാർഥ്യം മനസ്സിലാക്കുന്നതിനു മുന്നേതന്നെ അവയവങ്ങൾ രൂപപ്പെടാനും ഹൃദയമിടിപ്പ്, ശരീരം, മനസ്സ്, ആത്മാവ്, രക്തഗ്രൂപ്പ്, നിറം, ലിംഗവ്യത്യാസം, സർഗശേഷി, പാരമ്പര്യം തുടങ്ങിയുള്ള എല്ലാ രൂപഭാവങ്ങളോടുംകൂടി ശിശു വളരാനും ആരംഭിക്കുന്നു. ഇങ്ങനെയുള്ള ശിശുക്കളെയാണ് ഒരു കശാപ്പുശാലയിലെന്നപോലെ അമ്മയുടെ ഉദരത്തിൽവച്ച് നിഷ്കരുണം വധിക്കുന്നത്.

ചരിത്രത്താളുകൾ പിറകോട്ടു മറിക്കാം. സാമ്പത്തിക ഭദ്രതയോ അക്ഷരജ്ഞാനമോ പൊതുവിജ്ഞാനമോ എന്തിനധികം, വൈദ്യസഹായംവരെ വിരളമായിരുന്ന മുൻകാലങ്ങളിൽ പത്തും പന്ത്രണ്ടും കുഞ്ഞുങ്ങൾക്കു ജന്മം നല്കിയിരുന്ന മാതാപിതാക്കൾ വീടിന്റെ വിളക്കായിരുന്നു, നാടിന്റെ സമ്പത്തായിരുന്നു. തലമുറകളുടെ പാഠപുസ്തകങ്ങളായിരുന്നു. തങ്ങളുടെ മക്കളെ അടുക്കും ചിട്ടയും അനുസരണവും ദൈവാശ്രയബോധവും നല്കി വളർത്തി. ഓരോരുത്തരുടെയും അന്തസ്സിനും അഭിരുചിക്കുമനുസൃതമായ ജീവിതാന്തസ്സ് തിരഞ്ഞെടുത്ത് സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും സമർപ്പിച്ചു. ആ പഴമയിലേക്കുള്ള തിരിച്ചുപോക്ക് ഇനി സാധ്യമാണോ?

മനുഷ്യത്വം മരവിച്ച ഈ കാലഘട്ടത്തിൽ മനുഷ്യൻ വിലകെട്ട ഒരു വസ്തുവായി മാറിയെന്നതിന് ഇന്നിന്റെ നേർക്കാഴ്ചകൾ സാക്ഷ്യമാണ്. ദേശീയോദ്യാനത്തിൽ നിന്നൊരു പുഷ്പം പറിച്ചാൽ, വനസംരക്ഷണമേഖലയിൽനിന്നൊരു മരം മുറിച്ചാൽ കാടിറങ്ങിയ വന്യമൃഗത്തെ ഉപദ്രവിച്ചാൽ, അലഞ്ഞുനടക്കുന്ന തെരുവുനായ്ക്കളുടെ ജീവൻ ഹനിച്ചാൽ, എന്തിനധികം, ജീവനു ഭീഷണിയായി ഫണമുയർത്തുന്ന പാമ്പിനെ കൊന്നാൽവരെ കനത്ത സുരക്ഷാസന്നാഹം ശിക്ഷാനടപടികളുമായി പാഞ്ഞെത്തുന്നു. എന്നാൽ, ഈ രാജ്യത്ത് അനുദിനം എത്രമാത്രം കൊല്ലും കൊലയുമാണ് അരങ്ങേറുന്നത്! എത്രയോ കുഞ്ഞുങ്ങളാണ് ഭ്രൂണഹത്യയ്ക്കിരയാകുന്നത്! പ്രായത്തിനു വ്യത്യാസമുണ്ടെങ്കിലും പ്രാണനു വ്യത്യാസമില്ലല്ലോ. ബലാത്സംഗവും കൂട്ടമാനഭംഗവും കത്തിക്കുത്തും അവിഹിതവേഴ്ചകളും ലൈംഗികചൂഷണവും ലഹരിവേട്ടകളുമെല്ലാം മരണസംസ്കാരത്തിന്റെ മുഖമുദ്രയല്ലേ? ഇതെല്ലാം വാർത്താമാധ്യമങ്ങൾ വിശ്രമമില്ലാതെ വിളമ്പുന്നുണ്ടല്ലോ. എന്നാൽ, അമ്മയുടെ ഉദരത്തിൽവച്ചു വധിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ നിലയ്ക്കാത്ത നിലവിളിക്കുനേരേ കാതോർക്കാൻ, നിഷ്കളങ്കരക്തം വീണു നനയുന്ന മണ്ണിലേക്കു നോക്കി നെടുവീർപ്പിടാൻ, അരുംകൊലയ്ക്കെതിരേ ശബ്ദമുയർത്താൻ മാനവരാശി ഒന്നടങ്കം സടകുടഞ്ഞെഴുന്നേൽക്കട്ടെ. അപ്പോൾ ഈ ഭൂമിയിൽ സമാധാനവും ശാന്തിയും സംജാതമാകും.

'സുരക്ഷയുള്ള ജീവൻ പ്രത്യാശയുള്ള കുടുംബം!' ഇതാണല്ലോ ഈ വർഷത്തെ പ്രോലൈഫ് ദിനത്തിന്റെ ആപ്തവാക്യം. പരിശുദ്ധ കന്യാമറിയത്തിന്റെ മംഗളവാർത്തത്തിരുനാൾദിനമായ മാർച്ച് 25 നാണ് ആഗോളകത്തോലിക്കാസഭ പ്രോലൈഫ് ദിനമായി തിരഞ്ഞെടുത്തിരിക്കുന്നത്. യഹൂദവംശത്തിലുള്ള ഒരു കന്യകയുടെ ഗർഭധാരണവും സാമൂഹികപശ്ചാത്തലവും പ്രത്യാഘാതങ്ങളും വി. ഗ്രന്ഥത്തിൽ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തിയിരിക്കുന്നു. ജീവന്റെ സുവിശേഷം അതിന്റെ പൂർണതയിൽ ആവഹിച്ചത് പരിശുദ്ധകന്യാമറിയം മാത്രമാണ്. അവൾമാത്രമാണ് മാതൃത്വത്തിന്റെ മഹനീയമാതൃക! അതുകൊണ്ട് അവളുടെ കരംപിടിച്ച് സ്ത്രീലോകം ഉണരട്ടെ! ശക്തരാവട്ടെ! പ്രബുദ്ധരാകട്ടെ... പുതുപുത്തൻ തലമുറകളെ വാർത്തെടുക്കട്ടെ!

## പ്രശ്നങ്ങൾ

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്



പ്രശ്നങ്ങൾ, പ്രശ്നങ്ങൾ!

ഓരോന്നായി ഒരുവിധം പരിഹരിച്ചുകൊണ്ടിരിക്കുകയാണ് അവൻ. എന്നിട്ടും ബാക്കിയുണ്ട് ചിലത്.

ഒടുവിൽ, അവയ്ക്കു പരിഹാരം കണ്ടെത്താനാവില്ലെന്ന് അവനു ബോധ്യമായി. അപ്പോൾ, അത്തരം പ്രശ്നങ്ങൾ പ്രശ്നങ്ങളേയല്ലെന്നും, കൂടെ കൊണ്ടുനടക്കേണ്ടവയാണെന്നു കരുതിയാൽ മതിയെന്നും അവനു തോന്നി. ഇപ്പോൾ, അവനു മനസ്സമാധാനമായി.

# ലഹരിവിമോചനത്തിന്റെ മാതൃകാപാഠങ്ങൾ



ഡോ. തോമസ് മൂലയിൽ

നളചരിതം ആട്ടക്കഥയിൽ ഒരു സംഭവമുണ്ട്. ദമയന്തിയുടെ സ്വയംവരച്ചടങ്ങിൽ സംബന്ധിക്കാൻ പോയി മടങ്ങിവരുന്ന ഇന്ദ്രനും സംഘവും ദുർദേവനായ കലിയെ കണ്ടുമുട്ടുന്നു. ഇന്ദ്രനെപ്പോലും അവഗണിച്ചുകൊണ്ട് ദമയന്തി നളനെ വരനായി സ്വീകരിച്ചുകഴിഞ്ഞിരുന്നു. അപ്പോഴാണ് കലി കാമകോപമോഹസൈന്യവുമായി ദമയന്തിയെ സ്വന്തമാക്കാൻ മോഹിച്ച് ഇറങ്ങിത്തിരിക്കുന്നത്. അതുകൊണ്ടാണ് ഇന്ദ്രൻ കലിയോടു ചോദിക്കുന്നത്:

"പാഥസാം നിചയം
വാർന്നൊഴിഞ്ഞളവ്
സേതുബന്ധനോദ്യോഗ-
മെന്തെടോ?"

പെരുവെള്ളം കുത്തിയൊഴുകിപ്പോയിക്കഴിഞ്ഞ് ചിറകെട്ടിയിട്ട് എന്തു പ്രയോജനം എന്നാണ് ആ ചോദ്യത്തിനർഥം. അവ കുത്തിയൊഴുകി വന്ന് പെരിയാറ്റിലോ പമ്പയിലോ പതിച്ചശേഷം ഒഴുകിവരുന്ന മലവെള്ളത്തിന് ചിറകെട്ടാൻ ശ്രമിച്ചിട്ട് എന്തു പ്രയോജനം? ലഹരിയുടെ കുത്തൊഴുക്കിനെ തടയാൻ സർക്കാരും സന്നദ്ധസംഘടനകളും മാധ്യമങ്ങളുമൊക്കെ ചിറകെട്ടാൻ ഒരുങ്ങുന്നതു കണ്ടപ്പോഴാണ് ഇന്ദ്രൻ കലിയോടു ചോദിച്ച ചോദ്യം ഓർത്തുപോയത്!

മദ്യത്തിന്റെ ഒഴുക്കിനു കേരളത്തിൽ ആദ്യം ചിറകെട്ടിയത് ശ്രീനാരായണഗുരുവാണ്. അദ്ദേഹം സമുദായാംഗങ്ങളോടു പറഞ്ഞു: "മദ്യം എടുക്കരുത് കുടിക്കരുത്, കൊടുക്കരുത്." ഈ മന്ത്രത്രയത്തിലെ കുടിക്കരുത് എന്ന നിർദേശം ഈഴവർക്കുമാത്രമായിട്ടല്ല അദ്ദേഹം പറഞ്ഞത്. അന്നത്തെ സാഹചര്യത്തിൽ മറ്റു സമുദായങ്ങളെ, പ്രത്യേകിച്ച് ക്രൈസ്തവവിഭാഗത്തെ ഉദ്ദേശിച്ചായിരിക്കാം. അന്ന് ഷാപ്പുകളും ഉപഷാപ്പുകളുമുണ്ടായിരുന്നു. ഒരു ഉപഷാപ്പിൽനിന്നു പതിവായി കേട്ടിരുന്ന ഒരു സംവാദമുണ്ട്:

തൊമ്മൻ: ചക്കിച്ചക്കി
ച്ചോകോത്തീ,
ചക്കരക്കുടത്തിൽ
കള്ളുണ്ടോ?
ചക്കി: തൊമ്മൻ തൊമ്മൻ
നാനാരേ,
തൊപ്പിപ്പാളേലെന്തുണ്ട്?

വേറൊരു ഉപഷാപ്പിലെ പറ്റുപടിക്കാരൻ ഈനാച്ചൻ കുടികഴിഞ്ഞിറങ്ങിയപ്പൾ പാടിയ മൂളിപ്പാട്ട്:

കാളിയെന്നെ പറ്റിച്ചേ
കള്ളിൽ വെള്ളം ചേർത്തേ;
ഞാനുമവളെ പറ്റിച്ചേ
കള്ളപ്പണം കൊടുത്തേ!

ഏതായാലും ശ്രീനാരായണ ഗുരുവിന്റെ ചിറകെട്ടൽ വലിയ വ്യതിയാനങ്ങൾക്കു നാന്ദികുറിച്ചു എന്നത് ഒരു ചരിത്രവസ്തുതയാണ്.

1930 കളിൽ പാലാ രൂപതയുടെ പ്രഥമമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ തൃശിനാപ്പള്ളി കോളജിൽ വിദ്യാർഥിയായിരുന്നു. അവധിക്കാലങ്ങളിൽ ഏതാനും സുഹൃത്തുക്കളെ സംഘടിപ്പിച്ച് ഒരു മദ്യവർജനസമിതി രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ബോധവത്കരണക്ലാസുകൾ നടത്തിയും ലഘുലേഖകൾ അച്ചടിച്ചു വിതരണം ചെയ്തുമൊക്കെ ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിപ്പോന്നു. ഏതു നല്ല കാര്യത്തിനുമെന്നതുപോലെ ഇതിനു വിമർശനങ്ങളും എതിർപ്പുകളുമുണ്ടായി. എതിർപ്പുകൾക്കു നേതൃത്വം നല്കിയതു കുടിയന്മാർതന്നെ! അവരുടെ ബദൽ പ്രവർത്തനങ്ങൾ നടത്തിപ്പോന്നത് സ്വാഭാവികമായും ഷാപ്പുകളും ഉപഷാപ്പുകളും കേന്ദ്രീകരിച്ചായിരുന്നു.

മറ്റേതൊരു പ്രസ്ഥാനത്തിനുമെന്നതുപോലെ ഇതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുകയും നിലച്ചുപോകുകയുമുണ്ടായി. എങ്കിലും, ഈ മുന്നേറ്റത്തിൽ വലിയ ഒരു ചലനം മീനച്ചിൽ താലൂക്കിൽ സൃഷ്ടിക്കാൻ കഴിഞ്ഞു.

വിദ്യാർഥിയായിരുന്നപ്പോൾ തുടങ്ങിവച്ച ഈ മുന്നേറ്റം അദ്ദേഹം പാലാ രൂപതയുടെ മെത്രാനായി ചുമതലയേറ്റപ്പോൾ പുനരാരംഭിക്കുകയുണ്ടായി. മദ്യവർജനസമിതി എന്ന പേരിലാണ് ഈ പ്രസ്ഥാനം അറിയപ്പെട്ടിരുന്നത്. ക്രമേണ ഇതിന്റെ പ്രവർത്തനങ്ങൾ മറ്റു രൂപതകളിലേക്കും വ്യാപിപ്പിക്കുകയും കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും നടത്തുകയുമുണ്ടായി. കെ.സി.ബി.സി. മദ്യവർജനപ്രസ്ഥാനത്തിന്റെ ചുമതല അഭിവന്ദ്യ വയലിൽപ്പിതാവിനായിരുന്നു. സുദീർഘമായ ഒരു കാലഘട്ടം കമ്മീഷൻ ചെയർമാനായി അഭിവന്ദ്യ പിതാവ് തുടർന്നു. അഭിവന്ദ്യപിതാവിന്റെ പിൻഗാമിയായി വന്ന അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ കെ.സി.ബി.സി. ചെയർമാനായി നിശ്ചയിക്കുകയും അദ്ദേഹവും ദീർഘകാലം മദ്യവർജനസമിതിയുടെ ചെയർമാനായി പ്രവർത്തിക്കുകയും ചെയ്തുപോന്നു. ലഹരിവിരുദ്ധപ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിൽ അഡാർട്ട് എന്ന പേരിൽ പാലായിൽ ലഹരിക്കടിപ്പെട്ടവരുടെ റിഹാബിലിറ്റേഷനു വേണ്ടി ഒരു സെന്റർ പ്രവർത്തനം ആരംഭിച്ചു.

ഇതിനു സമാന്തരമായി 1980 കളിൽ പ്രൊഫ. എം.പി. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള മുതലായവരുടെ നേതൃത്വത്തിൽ മദ്യനിരോധനസംഘടന ശക്തമായ പ്രവർത്തനം നടത്തിപ്പോന്നു. മദ്യവർജനം പോരാ മദ്യനിരോധനം തന്നെ വേണമെന്നായിരുന്നു സമിതിയുടെ നിലപാട്.

എസ്.എം.വൈ.എം., കെ.സി.വൈ.എം. എന്നീ പേരുകളിലറിയപ്പെടുന്ന കത്തോലിക്കാ യുവജനപ്രസ്ഥാനം സി.വൈ.എം. പാലാ എന്ന പേരിൽ പ്രവർത്തിച്ചിരുന്ന കാലത്ത് എൺപതുകളിൽ മദ്യമയക്കുമരുന്നുകൾക്കെതിരേ വളരെ ശക്തവും ഫലപ്രദവുമായി പ്രവർത്തിച്ചുപോന്നു. കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിലുള്ള മദ്യവർജനപ്രസ്ഥാനവും പ്രൊഫ. എം.പി. മന്മഥന്റെ നേതൃത്വത്തിലുള്ള മദ്യനിരോധനപ്രസ്ഥാനവുമായി കൂടിച്ചേർന്നാണ് സി.വൈ.എം.ന്റെ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തതും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നതും. സ്റ്റഡീക്ലാസുകൾക്കു പുറമേ, ലഘുലേഖകളും പോസ്റ്ററുകളും വിതരണം ചെയ്തുകൊണ്ട് പ്രവർത്തനങ്ങൾ നടത്തിപ്പോന്നു. പാലാ കേന്ദ്രമായി പ്രവർത്തിക്കുന്ന അഡാർട്ട്, കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രാഡാ എന്നിവയുടെ സഹകരണം പ്രവർ



ത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കി. സംഗീതശില്പം, തെരുവുനാടകം, കോൽക്കളി എന്നീ മൂന്നു കലാരൂപങ്ങൾ ചേർത്ത് 40 മിനിറ്റ് ദൈർഘ്യമുള്ള കലാവിഷ്കാരം ജനശ്രദ്ധ പിടിച്ചുപറ്റി. പാലാ, കോട്ടയം, ഇടുക്കി, വൈക്കം ജില്ലകളിലായി ഇരുന്നൂറിലേറെ വേദികളിൽ ഈ കലാരൂപം അവതരിപ്പിക്കുകയുണ്ടായി. പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുപോന്ന എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എൻ.എസ്.എസ്. പ്രസ്ഥാനം അവരുടെ സാക്ഷരതാപ്രോജക്ടുമായി ബന്ധിപ്പിച്ചു കൂട്ടായ പ്രവർത്തനങ്ങൾ നടത്തി. എം.ജി. യൂണിവേഴ്സിറ്റി കോർഡിനേറ്റർ പ്രൊഫ. തോമസ് എബ്രാഹമാണ് അതിനു നേതൃത്വം നല്കിയത്. പ്രൊഫ. എം.പി. മന്മഥനും ജയപ്രകാശ് നാരായണനും പ്രൊഫ. തോമസ് എബ്രാഹവും ചേർന്നാണ് പരിപാടികൾക്കു നേതൃത്വം നൽകിയത്. എൻ.എസ്.എസ്. പ്രവർത്തകരുടെയും സി.വൈ.എ. പ്രവർത്തകരും സന്നദ്ധസംഘം ചേർന്ന് കോട്ടയം മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള വിവിധ പ്രദേശങ്ങളിൽനിന്ന് മദ്യമയക്കുമരുന്നുവിരുദ്ധ മുദ്രാവാക്യങ്ങളും ഗാനങ്ങളുമാലപിച്ച് ജാഥയായി കോട്ടയം നഗരത്തിന്റെ കേന്ദ്രങ്ങളിലെത്തി. തെരുവിൽത്തന്നെ കലാരൂപങ്ങൾ അവതരിപ്പിച്ചുപോന്നു. പ്രൊഫ. മന്മഥന്റെ കഥാപ്രസംഗശൈലിയിലുള്ള പ്രസംഗവും ചേർന്നുള്ള അവതരണം ബഹുജനശ്രദ്ധയും പിന്തുണയും നേടുന്നതിനിടയാക്കി. ആ പരിപാടികളുടെ സമാപനം മുൻമന്ത്രി ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ അധ്യക്ഷതയിൽ മാമ്മൻമാപ്പിളഹാളിൽ ചേർന്ന പൊതുസമ്മേളനത്തിൽ പ്രൊഫ. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള, സുപ്രസിദ്ധ ഗാന്ധിയൻ കെ.ഇ. മാമ്മൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, എം.ജി. സർവകലാശാല വി.സി. ഡോ. സിറിയക് തോമസ് മുതലായവരുടെ പ്രഭാഷണവും സി.വൈ.എം. പാലായുടെ കലാവിഷ്കാരവും വലിയ വാർത്തയായി എല്ലാ പത്രങ്ങളും റിപ്പോർട്ടു ചെയ്തിരുന്നു. പാലാ രൂപതയിൽ ഒമ്പത് ഫൊറോനകളിലും കലാവിഷ്കാരത്തിനുള്ള ടീമുകളെ പരിശീലിപ്പിച്ച്, അവരുടെ നേതൃത്വത്തിൽ രൂപതയിലെ മിക്കവാറും എല്ലാ ഇടവകകളിലും പരിപാടി അവതരിപ്പിക്കുകയും അഡാർട്ടിന്റെ റിസോഴ്സ് പേർസണൻസ് ഡോ. എൻ. എം. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ബോധവത്കരണക്ലാസുകൾ നടത്തുകയും ചെയ്തുപോന്നു. പാലാ, കോട്ടയം, തൊടുപുഴ മുതലായ സ്ഥലങ്ങളിലുള്ള മിക്കവാറും കോളജുകളിലും ഈ പരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. അങ്ങനെ, ആരംഭത്തിൽ സൂചിപ്പിച്ച ചെറുചാലുകൾ വഴിയും കൈത്തോടുകൾ വഴിയുമൊക്കെ ഒഴുകിവന്ന മദ്യ-മയക്കുമരുന്നുകളെ ചിറകെട്ടി നിർത്താൻ ഒരു പരിധിവരെ സാധിച്ചു. എന്നാൽ, മറ്റു പ്രദേശങ്ങളിലുണ്ടായ കനത്ത കുത്തൊഴുക്കുകളെ നിയന്ത്രിക്കാൻ കഴിയാതെപോയി. സർക്കാരിന്റെ നിസംഗതയും നിസ്സഹകരണവും കുത്തൊഴുക്കിന്റെ ആക്കം വർധിപ്പിച്ചു എന്നു ഖേദപൂർവം പറയട്ടെ, ഇന്നിപ്പോൾ ആ കുത്തൊഴുക്ക് കൂലംകുത്തിയൊഴുക്കായി മാറിയിരിക്കുന്നു. ഒരൊറ്റദിവസത്തെ പത്രവാർത്തകൾ നോക്കാം; തലക്കെട്ടുകൾമാത്രം:

"ലഹരി പൂത്തുലയുന്ന കേരളം." "ഹോളിക്ക് കഞ്ചാവ്: റെയ്ഡ് – മൂന്ന് എസ്.എഫ്.ഐ.ക്കാർ അറസ്റ്റിൽ – കുടുക്കിയതെന്നാരോപിച്ച് എസ്.എഫ്.ഐ. – കൃത്യമായ തെളിവോടെയെന്ന് എ.സി.പി. ബത്തേരി, ഹോസ്പിറ്റലിൽ കഞ്ചാവ് എത്തിച്ചത് ഹോളി ആഘോഷം കൊഴുപ്പിക്കാനെന്നു പൊലീസ്." "കോഴിക്കോട്ടേക്ക് ലഹരി എത്തിക്കുന്ന ടാൻസാനിയ സ്വദേശികൾ അറസ്റ്റിൽ." കഞ്ചാവുമായി അസം സ്വദേശി ചങ്ങനാശ്ശേരിയിൽ പിടിയിൽ."

"കഞ്ചാവ്: മുളക്കുളത്ത് വീണ്ടും നാലുപേർ പിടിയിൽ."

"കഞ്ചാവുമായി പത്തൊമ്പതുകാരൻ പിടിയിൽ."

"കഞ്ചാവു കേസിലെ പ്രതി ചാരായവുമായി പിടിയിൽ."

"യുവാവ് കുത്തേറ്റു മരിച്ചു. കുത്തിയതു മനു, മരിച്ചതു വിഷ്ണു. ഇരുവരും ലഹരിയിലായിരുന്നു."

"വയോധികയായ മാതാവിനു മർദനം – ലഹരിക്കടിമയായ മകൻ അറസ്റ്റിൽ" സംസ്ഥാനത്തെ കൊലപാതകങ്ങളിൽ പകുതിയും ലഹരിയുമായി ബന്ധപ്പെട്ട്." കഞ്ചാവ് എത്തിച്ചവരെക്കുറിച്ചു സൂചന ലഭിച്ചു. എ.സി.പി." "പരിശോധന വ്യക്തമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ: പ്രിൻസിപ്പൽ."

"ലഹരി: ആരോപണപ്രത്യാരോപണവുമായി എസ്.എഫ്.ഐയും കെ.എസ്.യുവും." പെരുമ്പാവൂരിൽ മദ്യലഹരിയിൽ മകൻ അച്ഛനെ ചവിട്ടിക്കൊന്നു." "ലഹരിയുമായി ബന്ധപ്പെട്ട് പിടിയിലായവരുടെ എണ്ണം 5239."

ലഹരിയുടെ കുത്തൊഴുക്കിന്റെ ശക്തിയറിയാൻ ഇതിൽക്കൂടുതൽ തെളിവിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ചിറയല്ല, ഡാം കെട്ടിയാലും തടയാൻ പറ്റുമെന്നു തോന്നുന്നില്ല. പണ്ടത്തെക്കാലത്തെപ്പോലെ, കാട്ടുകല്ലും കുഴമണ്ണുമിട്ടു ചിറകെട്ടാനുള്ള ശ്രമത്തിലാണ് സർക്കാരും സന്നദ്ധസംഘടനകളും! ചിറകെട്ടി നിർത്തിയ വെള്ളത്തിൽനിന്ന് ചിലർ നഞ്ചുകലക്കി മീൻ പിടിക്കുന്നു. ഓരോ പാർട്ടിക്കാരും തങ്ങളുടെ ചിറയാണു വലുതെന്ന് അവകാശപ്പെടുന്നു. അതു പിന്നെ അടിപിടി, കത്തിക്കുത്ത് മുതലായവയ്ക്കു വഴിവയ്ക്കുന്നു. 'ലഹരിയുംവേണ്ട ലഹളയും വേണ്ട.' എന്നും മറ്റുമുള്ള മുദ്രാവാക്യവുമായി ചാനലുകൾ ലഹരിവാർത്തകൾ വിറ്റു കാശുണ്ടാക്കുന്നു.

ഒരു ഒറ്റമൂലി നിർദേശിക്കട്ടെ: വിദ്യാലയങ്ങളിൽ രാഷ്ട്രീയം വിലക്കുക. കുട്ടികൾ പഠിക്കട്ടെ. അധ്യാപകർ പഠിപ്പിക്കട്ടെ. ഒറ്റയടിക്ക് ലഹരി തുടച്ചുനീക്കാം.

■

ബാലനോവൽ 18

അന്തിനാട് ജോസ്




**കു**ന്നിനുമുകളിൽനിന്നു താഴേക്കിറങ്ങാൻ ആരംഭിച്ചപ്പോഴാണ് ആ കാഴ്ച അവർക്കു കാണാൻ കഴിഞ്ഞത്.

നൂറുകണക്കിനു പടയാളികൾ സർവവിധ ആയുധസന്നാഹങ്ങളോടുകൂടി തങ്ങളുടെ നേർക്കു പാഞ്ഞടുക്കുകയയാണ്. കുതിരകളും ആനകളും ഒട്ടകങ്ങളുമെല്ലാം ആ ഗണത്തിലുണ്ട്.

''ഇനി നമ്മൾ എന്തു ചെയ്യും?" കാർഫിയൂസ് വേവലാതികൊണ്ടു.

''സാരമില്ല. നാം ആത്മധൈര്യം കൈവെടിയരുത്.'' സോയൂസ് പറഞ്ഞു.

"നമ്മൾ എത്ര പണിപ്പെട്ടാണ് കുന്നിൻമുകളിലെത്തിയത്. അമ്പുകളും കൂറ്റൻകരിങ്കല്ലുകളും ഭടൻ പറഞ്ഞു.

"മേഘനാദാ. ഈ വിപത്തിനെ നേരിടാൻ താങ്കൾ എന്തെങ്കിലും ഒരു ബുദ്ധി പ്രയോഗിക്കൂ..."

സോയൂസ് പറഞ്ഞു.


''നമ്മൾ കൈവിരലിൽ എണ്ണാവുന്ന ആളുകളല്ലെയുള്ളൂ. തിരുമാലിരാജാവു നൽകിയ ഭടന്മാരെക്കൂടി ഉൾപ്പെടുത്തിയാൽ പോലും അമ്പതിൽ താഴെ പടയാളികളേയുള്ളൂ. അവരാണെങ്കിൽ നൂറുകണക്കിനുണ്ട്." മേഘനാദൻ പറഞ്ഞു.

"ഇപ്പോൾ നമ്മൾ കുന്നിൻ മുകളിലാണ്. ശത്രുക്കൾ താഴെയും. മുകളിൽ നിൽക്കുന്നവർക്ക് പലതും ചെയ്യാൻ കഴിയും. നമ്മൾ സമനിലത്തിലായിരുന്നപ്പോൾ അവർ എന്തു ചെയ്തോ ലെ മറ്റു കല്ലുകളും അതോടൊപ്പം താഴേയ്ക്കു ശരവേഗം പാഞ്ഞു.

പാറ നേരേ ചെന്ന് ശത്രുസൈന്യത്തിന്റെ മധ്യത്തിലേക്കു തന്നെ വീണു. അവിടെ വലിയൊരു ആർത്തനാദം ഉയർന്നു. കല്ലിനടിയിൽപ്പെട്ട് കുറേ പടയാളികൾ ചതഞ്ഞു മരിച്ചു. രക്തം ഭൂമിയിൽ തളംകെട്ടി. രണ്ടുമൂന്നു കുതിരകൾ ചത്തു. കൊലയാനകൾ വിരണ്ടോടി.

അടുത്തനിമിഷംതന്നെ മറ്റൊരു ശിലയും താഴേക്കു തള്ളിയിട്ടു.

പടയാളികൾ നാലുപാടും ചിതറിയോടി. കുന്നിനുമുകളിൽനിന്ന് നൂറുകണക്കിന് അമ്പുകൾ ശത്രുക്കൾക്കു നേരേ തൊടുത്തുവിട്ടു. അമ്പേറ്റു പലരും മരി



കൊലയാനകളുമെല്ലാം നമ്മുടെ നേരേ വന്നില്ലേ? അവയെല്ലാം നമ്മൾ സമർഥമായി നേരിട്ടില്ലേ? അതുപോലെ ഇവിടെയും നാം ചില തന്ത്രങ്ങൾ പ്രവർത്തിക്കും."

"എന്തോ എനിക്കു വലിയ ഭയമാകുന്നു.'' കാർഫിയൂസ് വീണ്ടും പറഞ്ഞു.

"കുമാരൻ മാനസികമായും ശാരീരികമായും വല്ലാതെ തളർന്നിരിക്കുകയാണ്. അങ്ങ് ഞങ്ങളോടൊപ്പം ഉണ്ടായിരുന്നാൽ മാത്രം മതി."

അകലെനിന്നു കൊലയാനകൾ ചിന്നംവിളിക്കാൻ തുടങ്ങി. അവയുടെ അലർച്ച കുന്നിൻമുകളിൽത്തട്ടി പ്രതിധ്വനിച്ചു.

"അവർ വളരെ അടുത്തേക്കു വന്നെന്നു തോന്നുന്നു.'' ഒരു അതുതന്നെ നമ്മളും ചെയ്യുക. നേരം സന്ധ്യയായാൽ മറ്റൊരു വലിയ തന്ത്രം എനിക്കു പ്രയോഗിക്കാനുണ്ട്."

"ഇനി എന്തു ചെയ്യണം?'' കാർഫിയൂസ് തിരക്കി. "എത്രയും വേഗം ഒരു വലിയ പാറ കുത്തിയിളക്കി. ഉരുട്ടിവിടൂ." മേഘനാദൻ അലറുന്ന സ്വരത്തിൽ പറഞ്ഞു. "അവറ്റകളെല്ലാം ചതഞ്ഞു ചാകട്ടെ."

ഭടന്മാർ വലിയ ഒരു ഇരുമ്പു കമ്പി എടുത്തു. പാറക്കെട്ടിനു മീതേ ചാഞ്ഞിരുന്ന വലിയൊരു പാറ വളരെ പണിപ്പെട്ട് കുത്തിയിളക്കി വിട്ടു..

ഭീകരമായ ഒരു ശബ്ദത്തോടെ ശില ഉരുണ്ടുരുണ്ട് താഴേക്കു നീങ്ങി. കടന്നുപോകുന്ന വഴിയിച്ചുവീണു. കുതിരകൾ മുഴുവനും അമ്പേറ്റു വീണു.

ശത്രുക്കൾ തത്കാലം പിൻവാങ്ങിയെന്നു പൂർണമായും ബോധ്യമായപ്പോൾ മേഘനാദൻ പറഞ്ഞു:

"ഇനി നമുക്ക് സാവധാനം താഴോട്ടിറങ്ങാം. വളരെ ശ്രദ്ധാപൂർവം വേണം. ശത്രുക്കൾ പതിയിരുന്ന് ആക്രമിക്കാൻ സാധ്യതയുണ്ട്."

അവർ കുന്നിറങ്ങി താഴെയെത്തി. അപ്പോഴാണ് ആ കാഴ്ച കണ്ടത് കല്ലിന്റെ പ്രയാണത്തിനിടയിൽ ചതഞ്ഞു മരിച്ച ഡസൻ കണക്കിനു പടയാളികൾ. നേരം സന്ധ്യയായി. അപ്പോൾ മേഘനാദൻ പറഞ്ഞു: "ഇനി ഒരു തന്ത്രം പ്രയോഗിക്കാൻ സമയമായി. രാത്രി ഏതു സമയവും ശത്രുക്കളുടെ ആക്രമണം പ്രതീക്ഷിക്കാം. ശിലയ്ക്കിടയിൽപ്പെട്ട് മരിച്ചതിന്റെ പ്രതികാരം അവർ ചെയ്യാതിരിക്കില്ല.

രാത്രി ഏതാനും യാമങ്ങൾ കടന്നുപോയി. ഭടന്മാരെല്ലാം ആയുധങ്ങളുമായി ജാഗരൂകരായിരിക്കുകയാണ്. ശത്രു ഏതു നിമിഷവും ചാടി വീഴാം.

കാർഫിയൂസിന് വലിയൊരാശ്വാസം തോന്നി. ആദിത്യപുരം ദേശത്തിന്റെ മണ്ണിലെത്തിക്കഴിഞ്ഞിരിക്കുന്നു. ഇവിടെക്കിടന്നു മരിച്ചാലും ദുഃഖമില്ല. തന്റെ മണ്ണ്. തന്റെ രാജ്യം. താൻ ജനിച്ചു വളർന്ന നാട്.

"കുമാരൻ ഇനിയും ഉറങ്ങിയില്ലേ?" മേഘനാദൻ ചോദിച്ചു.

"ഇല്ല. എനിക്കുറക്കം വരുന്നില്ല."

"നമ്മൾ വിജയിച്ചുകൊണ്ടിരിക്കുകയാണ്. ശത്രുക്കളുടെ താവളങ്ങൾ തകർത്ത് നമുക്കു കൊട്ടാരത്തിലെത്തണം. രാജസ്ഥാനം ചതിയിലൂടെ തട്ടിയെടുത്ത ദേവദത്തനെ പിടികൂടണം. ഇതിനെല്ലാം കൂട്ടുനിന്ന മന്ത്രവാദിയെ തൂക്കിക്കൊല്ലണം. അങ്ങ് ഇവിടെ എത്തിയതറിഞ്ഞാൽ പ്രജകളും നമ്മോടൊപ്പം ചേരും. അപ്പോൾ നമ്മുടെ ദൗത്യം വേഗം വിജയിക്കും."

മേഘനാദൻ രാത്രി എണീറ്റ് തീർത്തും വണ്ണം കുറഞ്ഞ നീളമുള്ള ഒരു കമ്പിയുമായി നടന്നു മറഞ്ഞു.

നേരം പുലരാൻ ഇനി ഏതാനും മണിക്കൂറുകൾ മാത്രം.

മേഘനാദന്റെ കല്പനപ്രകാരം എല്ലാവരും എണീറ്റ് മെല്ലെ മുന്നോട്ടു നീങ്ങി. പിന്നെ അവർ അത്യുച്ചത്തിൽ ദേവദത്തന്റെ സൈന്യത്തെ വെല്ലുവിളിച്ചു. നൂറുകണക്കിനു കുതിരപ്പടയാളികൾ അവർക്കു നേരേ പാഞ്ഞടുത്തു. കുതിരക്കുളമ്പടികൾ ആകാശം മുട്ടെ ഉയർന്നു.

അവരെക്കണ്ടു ഭയന്നതായി അഭിനയിച്ച് കാർഫിയൂസിന്റെ സംഘം അല്പം പിന്മാറി.

പാഞ്ഞുവന്ന കുതിരപ്പടയാളികൾ ഒന്നൊന്നായി വലിയ നിലവിളിയോടെ കഴുത്തുമുറിഞ്ഞ് നിലത്തുവീണു. എങ്ങും ആർത്തനാദം മുഴങ്ങി. അതുകേട്ട് ദേവദത്തനും ഞെട്ടി.

(തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# അരകല്ലും അരക്കല്ലും

**സ**മാസത്തിലെ പൂർവപദം കേവലധാതു (ക്രിയ) ആണെങ്കിൽ ഉത്തരപദാദിയിലെ ദൃഢവ്യഞ്ജനം ഇരട്ടിക്കുകയില്ല എന്ന് കേരളപാണിനി നിരീക്ഷിച്ചിട്ടുണ്ട്. 'ധാതു പൂർവത്തിലും വരാ' (കാരിക 14)* എന്നു പ്രമാണം. എരിയുന്ന, കടയുന്ന, കുതിക്കുന്ന എന്നീ ക്രിയകളുടെ ധാതുക്കളാണ് എരി, കട, കുതി എന്നിവ. എരി+തീ =എരിതീ, കട+കോൽ=കടകോൽ, കുതി+കാൽ=കുതികാൽ. ഇതേനയം അനുവർത്തിക്കുന്ന ഒരു സമസ്തപദമാണ് അരകല്ല്. അര+കല്ല് = അരകല്ല് എന്നു പിരിച്ചും ചേർത്തും എഴുതാം. അരയ്ക്കുന്നതിനുള്ള കല്ലാണ് അരകല്ല്. പലവ്യഞ്ജനം, മസാല, മരുന്ന് മുതലായവ അരയ്ക്കാൻ ഉപയോഗിച്ചിരുന്ന പാറക്കല്ലാണത്. പേഷണി എന്നും പറയാറുണ്ട്. അരയ്ക്കാനുള്ള കല്ലുകളിൽ കീഴ്ക്കല്ലിനെ അമ്മിയെന്നും മുകളിലെ നീണ്ടുരുണ്ട കല്ലിനെ കുഴവി(പിള്ളക്കല്ല്) എന്നും വ്യവഹരിക്കുന്നു. അമ്മുക+അമുങ്ങുക – എന്ന ക്രിയയിൽനിന്നാവാം അമ്മി എന്ന പദത്തിന്റെ നിഷ്പത്തി.

"നിർണയം നാളത്തെയമ്മിക്കുഴവിതാ
നിന്നതു കൈതൊഴും ശൈവലിംഗം"** എന്നു കർണഭൂഷണത്തിൽ അമ്മിയും കുഴവിയും തമ്മിലുള്ള ബന്ധം ഉള്ളൂർ വ്യക്തമാക്കിയിട്ടുണ്ട്.

അര എന്ന ശബ്ദം നാമമായും വരാം. അപ്പോൾ, അരയ്ക്ക് ഒന്നിന്റെ നേർപകുതി എന്നർഥം വരുന്നു. പാറപ്പുറത്തിന്റെ നോവലായ അരനാഴികനേരത്തിന്റെ അരയ്ക്ക് '½' എന്ന അർഥമാണ് ഉള്ളത്. ഇവ കൂടാതെ കടിപ്രദേശം, മധ്യം, കാലുകളും ഉടലും ചേരുന്ന ഭാഗം, ഇട, ഗുഹ്യസ്ഥാനം തുടങ്ങിയ വിവക്ഷിതങ്ങളും ആ നാമപദത്തിനുണ്ട്. 'അരയും തലയും മുറുക്കുക' എന്ന ശൈലിയും പ്രസിദ്ധമാണല്ലോ! നമ്മുടെ അടുക്കളയിൽനിന്ന് ഏതാണ്ട് അപ്രത്യക്ഷമായ ഒരു വസ്തുവാണ് അരകല്ല്. ഉപയോഗത്തിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും അരകല്ലിനെ അരക്കല്ലാക്കരുത്. അരയ്ക്കാനുള്ള കല്ലാണ് അരകല്ല്. ക ഇരട്ടിച്ചാൽ കല്ലിന്റെ സ്വഭാവം മാറും. അര, പകുതി എന്ന അർഥത്തിലേക്കു വഴുതിപ്പോകും"*** ചുരുക്കത്തിൽ, അരകല്ല് വേറേ അരക്കല്ല് വേറേ എന്നു മനസ്സിലാക്കിയാൽ സന്ദേഹം ഒഴിവാകും.

* രാജരാജവർമ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം–131

** പരമേശ്വരയ്യർ, എസ്. ഉള്ളൂർ, കർണഭൂഷണം, ഉള്ളൂർ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1986, പുറം – 26.

*** ഗോപാലകൃഷ്ണൻ, നടുവട്ടം, ഡോ. ഭരണഭാഷ അകവും പുറവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2020, പുറം–22.

# അമ്മനോവ്

അതിജീവനത്തിന്റെ സ്ത്രീമുഖങ്ങൾ



നിഷ ആന്റണി

**ഉ**ചിതമായ രീതിയിൽ നിരീക്ഷിച്ചാൽ നമുക്കു മനസ്സിലാകും, കണ്ടുമുട്ടുന്ന മനുഷ്യരെല്ലാം ഓരോ കഥകളാണെന്ന്. രാവും പകലും കൂട്ടിമുട്ടിക്കണമെങ്കിൽ നമുക്ക് അതിന്റെ ഇടയിൽ കഠിനമായ അധ്വാനം വേണം. എല്ലാ ദിവസവും മനുഷ്യരെ സംബന്ധിച്ച് ഒരുപോലെ ആയിരിക്കണമെന്നില്ലല്ലോ. മധ്യവേനലവധി തുടങ്ങിയിരുന്നു. സൂര്യൻ മനുഷ്യനെ കുളിപ്പിച്ച് ഉണക്കിയെടുക്കുന്ന സമയം. അടുക്കളയുടെ പിൻവാതിലിന്റെ ഇറയത്താണ് മൈലാഞ്ചിയും മാവും കെട്ടിപ്പിടിച്ചു നിൽക്കുന്നത്. അതിൽ മാവ് പുരുഷനും മൈലാഞ്ചിച്ചെടി പെണ്ണുമാണെന്ന് ഞാൻ വിശ്വസിച്ചുപോന്നു. രാവിലത്തെ കാപ്പി കഴിഞ്ഞ് ഞാൻ പര്യമ്പുറത്തിരുന്ന് മുന്നിൽ നിറഞ്ഞ പച്ചപ്പിലേക്കു സ്വപ്നം വിതറിയിട്ട് അങ്ങനെ ഇരിക്കുകയായിരുന്നു. 'പഴേ സാധനങ്ങള് വിൽക്കാനുണ്ടോ' എന്ന തമിഴ്വിളിയിൽ മകൾ വന്ന് ചിരിച്ചോണ്ടു പറഞ്ഞു, 'അമ്മേനെ ചോദിച്ചോണ്ട് ഒരു തമിഴത്തി വന്നിട്ടുണ്ടേ' ന്ന്. എനിക്കെന്തുകൊണ്ടോ എന്റെ ഇരിപ്പുസുഖം മുറിക്കാൻ തോന്നിയില്ല.



'ഇങ്ങോട്ടേക്കു പറഞ്ഞുവിട്' എന്ന മറുപടി കൊടുത്ത് ഞാൻ ചുമരിൽ ചാരിയിരുന്നു.

വെയിൽവെട്ടത്തിൽ മിന്നിത്തിളങ്ങുന്ന മൂക്കുത്തിയും അലക്കിപ്പഴകിയ മഞ്ഞബ്ളൗസും, പൂക്കളുള്ള പച്ചസാരിയുമണിഞ്ഞ് അവൾ എന്റെ മുന്നിൽ നിന്നു.

തിളങ്ങുന്ന, എണ്ണയിട്ട തലമുടി ചീകിക്കെട്ടിയിരിക്കുന്നു ഞാനവളെ നോക്കി ചിരിച്ചു. കുറച്ചു നാളുകളായി എനിക്കു പരിചയമുള്ള മുഖം. ഞാൻ പ്ലാസ്റ്റിക് ചാക്കിലാക്കി വച്ചിരിക്കുന്ന പൊട്ടിയ വക്കുള്ള പാത്രങ്ങളും ചില്ലുകുപ്പികളും, ശേഖരിച്ച് വീടിന്റെ പിൻവശവരാന്തകളെ അവൾ വൃത്തിയാക്കിയിരുന്നതിനാൽ ഞാൻ അവളോടു നല്ല സൗഹൃദം കാണിച്ചിരുന്നു. "സാധനമെല്ലാം ഞാൻ എടുക്കട്ടെ ചേച്ചി" അവൾ എന്നോടു ചോദിച്ചുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ കൈയിലുണ്ടായിരുന്ന ചാക്കുകെട്ടിലേക്ക് ഓരോന്നായി കിലുക്കിയും കുലുക്കിയും ഇട്ടുകൊണ്ടിരുന്നു. ഞാനാണെങ്കിൽ ഇരുന്നുകൊണ്ടുതന്നെ അവളുടെ ഒതുങ്ങിയ വയറും പാകത്തിനു വലുപ്പമുള്ള കൈകാലുകളും സസൂക്ഷ്മം നോക്കിക്കൊണ്ടിരുന്നു. പണിയെടുത്ത് ഒതുങ്ങിയ ശരീരം. എങ്ങനെയെങ്കിലും ജിമ്മിൽ പോയി വയറു കുറയ്ക്കണമെന്ന് ആഗ്രഹിച്ചിരുന്ന ഞാൻ എന്നോടുതന്നെ പറഞ്ഞു:

"കണ്ടുപഠിക്ക്."

അവളുടെ ചലനങ്ങളിലേക്കുതന്നെ ഞാൻ കണ്ണോടിച്ചുകൊണ്ടിരുന്നു. "നിങ്ങൾക്ക് എല്ലാ ദിവസവും ഇതുതന്നെയാണോ ജോലി?" ഒരു ചോദ്യത്തിനുവേണ്ടി കാത്തിരുന്നതുപോലെ അവൾ തീവണ്ടിയോളം നീളമുള്ള ഉത്തരം എന്റെ മുന്നിലേക്കോടിച്ചുവിട്ടു.

'അതേ ചേച്ചി, മക്കള് സ്കൂളിലോട്ടു പോയിക്കഴിഞ്ഞാല് ഞാനും ഭർത്താവും വീടുപൂട്ടി ഇറങ്ങും. പത്തുനൂറു വീട് കേറിയാലാണ് ചാക്കുനിറയുക. ഇപ്പോ എല്ലാ വീട്ടിലും പച്ചയുടുപ്പിട്ട പെണ്ണുങ്ങളല്ലേ ഇതൊക്കെ വാങ്ങിക്കുന്നത്. ഞങ്ങളെ വീട്ടിൽ കയറ്റാൻ എല്ലാർക്കും മടിയാണ്. മുക്കത്തു വന്നിട്ട് മുപ്പതു വർഷം കഴിഞ്ഞു. എന്റെ അപ്പാവും അവരും ഒരുമിച്ചു തുടങ്ങിവച്ച ബിസിനസാ. ഇതിപ്പോ നിർത്താൻ മക്കൾ പറയുവാ ചേച്ചീ. അവരുടെ കൂട്ടുകാര് പറഞ്ഞു കളിയാക്കുവാന്ന്. നിങ്ങടെ അപ്പയും അമ്മയുമാണ് ഞങ്ങടെ വീട്ടില് പഴയ സാധനം എടുക്കാൻ വരുന്നതെന്ന്. വഴീൽക്കൂടി ഞങ്ങള് ചാക്കും പിടിച്ചു നടക്കുന്നത് അവർക്കു നാണക്കേടാണെന്ന്. അതുകൊണ്ട് കുട്ടികൾ പഠിക്കുന്ന സ്കൂളിന്റെ ഭാഗത്തോട്ട് ഒന്നും ഇപ്പോൾ പോവാറില്ല. അതാ ഇത്രദൂരം വരുന്നത്."

അവൾ നിർത്താതെ തുടർന്നുകൊണ്ടിരുന്നു. പക്ഷേ, ഞാൻ ബാക്കിയൊന്നും കേട്ടില്ല. അമ്മയും അച്ഛനും കൊള്ളുന്ന വെയിലിന്റെ വേവ് അറിയാതെ മുന്തിയ ബ്രാൻഡിലുള്ള സൺസ്ക്രീൻ ലോഷനും ലിപ്സ്റ്റിക്കിനും പട്ടിക തയ്യാറാക്കുന്ന പുതിയ തലമുറ എന്റെ തലച്ചോറിലേക്ക് ഇരമ്പി വന്നു. ■

# ആകാശങ്ങളെ കീഴടക്കിയ ഭാരതാംബയുടെ വീരപുത്രി






ഗോപൻ അമ്പാട്ട്

**ലോ**കം ആകാംക്ഷയോടെ കാത്തിരുന്ന ആ നിമിഷം... ലോകബഹിരാകാശചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് സുനിത വില്യംസും ബുച്ച് വിൽമോറും ക്രൂ-9 ദൗത്യത്തിലെ മറ്റു രണ്ട് അംഗങ്ങൾക്കൊപ്പം സുരക്ഷിതമായി ഭൂമിയിലിറങ്ങി. മാർച്ച് 19 പുലർച്ചെ ഇന്ത്യൻ സമയം 3.27 ന് മെക്സിക്കോ ഉൾക്കടലിൽ സുരക്ഷിതമായി സ്പ്ലാഷ് ലാൻഡു ചെയ്ത ഡ്രാഗൺ ഫ്രീഡം പേടകത്തിനരികിലേക്ക് സ്പേസ് റിക്കവറി കപ്പൽ എത്തി.

ആദ്യം നിക് ഹേഗ്, പിറകേ ബുച്ച് വിൽമോറും, മൂന്നാമതായി സുനിത വില്യംസും, പിന്നെ അലക്സാണ്ടർ ഗോർബനോവും വാഹനത്തിൽ നിന്നിറങ്ങി. പുഞ്ചിരിതൂകി ഓരോ യാത്രികരും പേടകത്തിനു പുറത്തിറങ്ങിയതോടെ ലോകത്തിന്റെ ഒമ്പതു മാസത്തെ കാത്തിരിപ്പിനു വിരാമമായി. ഫ്ളോറിഡയിലെ ജോൺസൺ സ്പേസ് സെന്ററിലാണ് ഇനി ഈ നാലു ബഹിരാകാശസഞ്ചാരികളും കഴിയുക. ദിവസങ്ങൾ നീളുന്ന ആരോഗ്യ പരിശോധനകളും പരിശീലനവും പൂർത്തിയാക്കി ഡോക്ടർമാർ അനുമതി നൽകിയ ശേഷമേ വീടുകളിലേക്ക് ഇവർ മടങ്ങൂ. 45 ദിവസം ബഹിരാകാശസഞ്ചാരികൾക്ക് റീഹാബിലിറ്റേഷൻ സമയമാണ്. ഒമ്പതുമാസത്തോളം മൈക്രോഗ്രാവിറ്റിയിൽ കഴിഞ്ഞ അവർക്ക് ഭൂമിയുടെ ഗുരുത്വാകർഷണവുമായി പൊരുത്തപ്പെടുന്നതിനുള്ള പിന്തുണയും സഹായവും അവിടെ നൽകും. ബഹിരാകാശത്തുതങ്ങി മടങ്ങുന്നവർക്ക് ഭൂമിയിൽ ജീവിക്കുന്നതിനനുഗുണമായ ശാരീരിക, മാനസിക അവസ്ഥ വീണ്ടെടുക്കുന്നതിനു നാളുകളെടുക്കും. ഇത്രനാളും ഗുരുത്വാകർഷണമില്ലാത്ത അവസ്ഥയിൽ ജീവിച്ചതിനാൽ അവരുടെ കൈകാലുകളിലെ പേശികൾ ക്ഷയിച്ചിട്ടുണ്ടാകും. എല്ലുകൾക്കു ബലക്ഷയം, ഉറക്കമില്ലായ്മ, മൂത്രത്തിൽ കല്ല്, അണുബാധ (ബഹിരാകാശജീവിതം യാത്രികരുടെ പ്രതിരോധശേഷി കുറയ്ക്കും), മാനസികസമ്മർദം, തലകറക്കം, മന്ദത, ശരീരത്തിന്റെ തുലനനിലയിൽ പ്രശ്നം, ബേബി ഫീറ്റ് (പാദത്തിന്റെ അടിവശത്തെ ചർമം നേർത്തുപോകുന്നത്) തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളുമുണ്ടാകും.

ഗുജറാത്തിലെ മെഹ്സാന ജില്ലക്കാരനായ ദീപക് പാണ്ഡ്യയുടെയും സ്ലോവേനിയൻ വംശജയായ ഉറുസുലൻ ബോണിയുടെയും മകളായി 1965 സെപ്റ്റംബർ 19 ന് ഓഹിയോവിലെ യൂക്ലിഡിലാണ് സുനിത ജനിച്ചത്. ജന്മംകൊണ്ട് അമേരിക്കക്കാരിയായെങ്കിലും പിതാവിലൂടെയും മാതാവിലൂടെയും യഥാക്രമം ഇന്ത്യൻ-സ്ലൊവേനിയൻ വംശപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സുനിതയ്ക്ക് ബഹിരാകാശ ശാസ്ത്രജ്ഞയാകാനായിരുന്നു താത്പര്യം. ആ ലക്ഷ്യം നേടി എന്നു മാത്രമല്ല, ബഹിരാകാശത്ത് ഏറ്റവും കൂടുതൽ കാലം ചെലവഴിച്ച വ്യക്തികൂടിയായി സുനിതയിപ്പോൾ.

അമേരിക്കക്കാരനായ മൈക്കൽ ജെ. വില്യംസ് എന്ന പോലീസ് ഓഫീസറെയാണ് സുനിത വിവാഹം കഴിച്ചത്. ഇവർക്കു കുട്ടികളില്ല. ബഹിരാകാശയാത്രയ്ക്ക് നാസ തിരഞ്ഞെടുക്കുന്ന രണ്ടാമത്തെ ഇന്ത്യൻ വംശജയാണ് സുനിത വില്യംസ്. ആദ്യത്തെയാൾ കല്പനചൗള ആയിരുന്നു.

അമേരിക്കൻ നാവികസേനയിൽ ഓഫീസറായാണ് സുനിതയുടെ ഔദ്യോഗികജീവിതത്തിന്റെ തുടക്കം. 1998 ൽ നാസയിൽ ചേർന്നു. ആദ്യ ബഹിരാകാശയാത്ര 2006 ഡിസംബറിൽ ഡിസ്കവറി സ്പേസ് ഷട്ടിലിൽ. രണ്ടാമത്തെ യാത്ര 2012 ജൂലൈയിലും. ഇപ്പോൾ പൂർത്തിയായത് മൂന്നാം യാത്ര. മൂന്നു ബഹിരാകാശ ദൗത്യത്തിലായി ആകെ 62 മണിക്കൂർ ആറു മിനിറ്റ് അവർ സ്പേസ് വാക്ക് നടത്തി. നാസയുടെതന്നെ പെഗ്ഗി വിട്സൻ സ്ഥാപിച്ച 60 മണിക്കൂറും 21 മിനിറ്റും എന്ന റെക്കോഡാണ് സുനിത മറികടന്നത്.

സുനിത വില്യംസും ബുച്ച് വിൽമോറും ഒമ്പതുമാസത്തിലേറെ നീണ്ട ബഹിരാകാശദൗത്യം പൂർത്തിയാക്കിയാണ് ഭൂമിയിൽ മടങ്ങിയെത്തിയത്. 2024 ജൂൺ അഞ്ചിനായിരുന്നു ഇവർ ബഹിരാകാശനിലയത്തിലേക്കു പോയത്. വെറും എട്ടു ദിവസത്തേക്കായിരുന്നു ഈ ബോയിംഗ് ദൗത്യം നിശ്ചയിച്ചിരുന്നത്. എന്നാൽ, സ്റ്റാർലൈനർ പേടകത്തിലെ സാങ്കേതികത്തകരാറുകളെത്തുടർന്ന് സുനിതയെയും ബുച്ചിനെയും നിശ്ചിതസമയത്തു മടക്കിക്കൊണ്ടുവരാൻ ബോയിങ്ങിനായില്ല. 2024 സെപ്റ്റംബർ 28 നായിരുന്നു ഹേഗും ഗോർബുനോവും ബഹിരാകാശത്തേക്കു തിരിച്ചത്. സുനിത വില്യംസ് മൂന്നു ദൗത്യങ്ങളിലായി 608 ദിവസവും, ബുച്ച് വിൽമോർ മൂന്ന് യാത്രകളിലായി 464 ദിവസവും, നിക് ഹേഗ് രണ്ടു ദൗത്യങ്ങളിലായി 374 ദിവസവും ബഹിരാകാശനിലയത്തിൽ പൂർത്തിയാക്കി. 286 ദിവസം നീണ്ട ദൗത്യത്തിൽ സുനിതയും ബുച്ചും 121,347,491 മൈലുകൾ താണ്ടുകയും ഭൂമിയെ 4,576 തവണ വലംവയ്ക്കുകയും ചെയ്തു.

സുനിത വില്യംസ് വന്ന അതേ ഡ്രാഗൺ പേടകത്തിൽ ഒരു ഇന്ത്യക്കാരൻ അധികം വൈകാതെ അന്താരാഷ്ട്ര ബഹിരാകാശനിലയത്തിലേക്ക് (ഐഎസ്എസ്) പോകും. രാകേഷ് ശർമയ്ക്കുശേഷം ബഹിരാകാശത്തേക്കു പോകുന്ന ആ ഇന്ത്യൻ പൗരനായ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല ആണ്.

എത്ര ആഹ്ലാദകരമായ നേട്ടമാണ് സുനിതയുടേത്! തന്റെ വീരപുത്രിയുടെ ദൃഢനിശ്ചയത്തെയോർത്ത് ദീപക് പാണ്ഡ്യയും കുടുംബവും അഭിമാനിക്കുമ്പോൾ ഭാരതാംബയുടെ ഇടനെഞ്ചും സന്തോഷ വാത്സല്യങ്ങൾ കൊണ്ടു തുടിക്കുന്നുണ്ടാവും, തീർച്ച!

സുനിതാ വില്യംസ് എന്ന ധീരയായ മകളെയോർത്ത്, അവൾക്കു ജന്മം നൽകിയ ദീപക് പാണ്ഡ്യയെയോർത്ത്. ഭാരതീയർക്കെല്ലാം അഭിമാനിക്കാം. ■

# നിഖ്യാവിശ്വാസപ്രമാണത്തിന്റെ പശ്ചാത്തലം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

10



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**അ**പ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം ആരംഭിക്കുന്നത് 'ഞാൻ വിശ്വസിക്കുന്നു' എന്നും നിഖ്യാ-കോൺസ്റ്റാന്റിനോപ്പോൾ വിശ്വാസപ്രമാണം ആരംഭിക്കുന്നത് 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നുമാണ്. മിശിഹായിലുള്ള വിശ്വാസത്തിന്റെ പരസ്പരപൂരകങ്ങളായ രണ്ടു മാനങ്ങളാണ് ഇവിടെ വ്യക്തമാകുന്നത്. വിശ്വാസം എന്നത്, മനുഷ്യന് ദൈവത്തോടുള്ള വ്യക്തിപരമായ അടുപ്പമാണ്. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹക്ഷണത്തിന് മനുഷ്യനു നൽകാവുന്ന ഏറ്റവും നല്ല മറുപടിയാണ് 'ഞാൻ വിശ്വസിക്കുന്നു' എന്നത്. വിശ്വസിക്കുക എന്നത് വ്യക്തിപരമായ ഒരു പ്രവൃത്തിയാണെങ്കിലും അത് ഒറ്റപ്പെട്ട ഒരു പ്രവൃത്തിയല്ല. വ്യക്തിപരമായി വിശ്വസിക്കുന്നതോടൊപ്പം അപരന്റെ വിശ്വാസത്തെയും നമ്മൾ വളർത്തുന്നു. 'ഞാൻ വിശ്വസിക്കുന്നു' എന്ന് ഏറ്റുപറഞ്ഞ് സഭയിൽ അംഗമാകുന്ന ഒരാൾ സഭയോടൊത്തു വളരുന്നത് 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നു പറഞ്ഞുകൊണ്ടാണ്. 'ഞാൻ വിശ്വസിക്കുന്നു' എന്ന പ്രഖ്യാപനം ഓരോ വിശ്വാസിയും വ്യക്തിപരമായി, പ്രത്യേകിച്ച് മാമ്മോദീസാ വേളയിൽ, ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ്. ഞങ്ങൾ വിശ്വസിക്കുന്നു എന്ന പ്രഖ്യാപനം സൂനഹദോസിൽ ഒരുമിച്ചുകൂടുന്ന മെത്രാന്മാരും വിശ്വാസികളുടെ പൊതുവായ ആരാധനാസമ്മേളനവും ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ് (*കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം*, പി.ഒ.സി. 2011 പേജ് 167).

പ്രാർഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം *(lex orandi lex credendi)* എന്ന ദൈവശാസ്ത്ര ആപ്തവാക്യം രൂപപ്പെട്ടത് എ.ഡി. 5-ാം നൂറ്റാണ്ടിലാണ്. ആദിമകാലങ്ങളിൽ 'ഞാൻ വിശ്വസിക്കുന്നു' എന്നത് വിശ്വാസപ്രഘോഷണത്തോടൊപ്പം ഒരു പ്രാർഥനയുമായിരുന്നു. ഇത് ആദിമസഭയുടെ ജീവിതശൈലിയായിരുന്നു. ഹൃദയത്തിൽ വിശ്വസിക്കുന്നതാണ് ഒരുവന്റെ പ്രാർഥനയായിത്തീരുന്നത്. വിശ്വാസപ്രമാണത്തിന്റെ ഓരോ ഉരുവിടലും ഹൃദയത്തിന്റെ നിറവിൽനിന്നുയരുന്ന പ്രാർഥനയാണ്.

ക്രൈസ്തവജീവിതം ക്രിസ്തുവിലുള്ള ജീവിതമാണ്; ഈശോയോടു ചേർന്നുള്ള ജീവിതമാണ്. ഇത് ഒരു ആത്മീയബന്ധമാണ്. എങ്കിൽ ആത്മീയ വളർച്ച യഥാർഥ ക്രൈസ്തവജീവിതം ലക്ഷ്യംവയ്ക്കുന്നു. ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസമാണ് ഇതിന് ആധാരം. യോഹന്നാൻ 14:1 ൽ നാം കാണുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ." ഹെബ്രായർക്കുള്ള ലേഖനത്തിൽ 11-ാം അധ്യായത്തിൽ പൂർവികരുടെ വിശ്വാസത്തെപ്പറ്റി



പറയുന്നു: "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്..." (ഹെബ്രാ. 11:1). തുടർന്നു നാം വായിക്കുന്നു, ആബേൽ നീതിമാനായി അംഗീകരിക്കപ്പെട്ടതിന്റെ കാരണം വിശ്വാസമാണ് എന്ന്. വിശ്വാസംമൂലം ആബേൽ ഏറ്റവും ശ്രേഷ്ഠമായ ബലി ദൈവത്തിനർപ്പിച്ചു. അവന്റെ ബലിയെക്കുറിച്ച് ദൈവം തന്നെ സാക്ഷ്യപ്പെടുത്തുന്നു. അവൻ മരിച്ചെങ്കിലും വിശ്വാസത്തിലൂടെ ഇന്നും നമ്മോടു സംസാരിക്കുന്നു. ഒന്നൊന്നായി ഹേനോക്ക് മരണം കൂടാതെ സംവഹിക്കപ്പെട്ടത് വിശ്വാസംമൂലമാണ്. ദൈവത്തെ തന്റെ വിശ്വാസം വഴി പ്രസാദിപ്പിച്ചതാണ് ഇതിനുകാരണം. അതിനാൽ ദൈവത്തെ പ്രസാദിപ്പിക്കാനുള്ള മാർഗമാണ് വിശ്വാസം. വിശ്വാസംമൂലമാണ് നോഹിന് ലോകത്തെ കുറ്റം വിധിക്കാനും വിശ്വാസത്തിൽനിന്നുളവാകുന്ന നീതിയുടെ അവകാശിയാകാനും സാധിച്ചത്. അനുസരണത്തിലേക്കു നയിക്കുന്ന അബ്രാഹത്തിന്റെ വിശ്വാസം തുടർന്നു നാം കാണുന്നു. മൂശയുടെ വിശ്വാസവും ഏറ്റവും ശ്ലാഘനീയമാണ്. വിശ്വാസംമൂലം ഇവരെല്ലാം ദൈവത്താൽ അംഗീകരിക്കപ്പെട്ടവരായിത്തീർന്നു.

വിശ്വാസം പ്രവൃത്തികളിലൂടെയാണു പ്രകടമാകുന്നത്. നമ്മുടെ അനുഷ്ഠാനങ്ങളും ആചാരങ്ങളുമെല്ലാം നമ്മെ അതിനു സഹായിക്കുന്നവയാണ്. എന്നാൽ, പലപ്പോഴും നാം നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കേണ്ട മാർഗങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്; ലക്ഷ്യത്തിൽ എത്താതെ നാം വഴികളിൽത്തന്നെ കഴിയുന്നു. ക്രൈസ്തവജീവിതം ചിലപ്പോഴെല്ലാം അനുഷ്ഠാനങ്ങളായി മാത്രം അധഃപതിക്കാറുണ്ട്; ഭക്തിവർധകമാർഗങ്ങളായി ചുരുങ്ങാറുണ്ട്. എന്നാൽ, വിശ്വാസത്തിലാണ് നാം വളരേണ്ടത്; അതിലാണ് നാം ഉത്തരോത്തരം പുരോഗതി പ്രാപിക്കേണ്ടത്. കൂദാശാസ്വീകരണവും മറ്റ് ഭക്ത്യഭ്യാസങ്ങളും പലപ്പോഴും യാന്ത്രികമായി നാം നടത്തുന്നു. എന്നാൽ, ഇവിടെയെല്ലാം അടിസ്ഥാനമാകേണ്ട ദൈവവിശ്വാസത്തിൽ നാം വളരുന്നുണ്ടോ എന്നാണു ശ്രദ്ധിക്കേണ്ടത്. ഇവിടെയാണ് വിശ്വാസപ്രമാണത്തിന്റെ പ്രാധാന്യം. നാം വിശ്വസിക്കേണ്ടതും വിശ്വസിക്കേണ്ടവിധവും അതിന്റെ ആവശ്യകതയും വിശ്വാസപ്രമാണത്തിൽ കാണാം. വി. അഗസ്റ്റിൻ പറയുന്നു: നിന്റെ വിശ്വാസപ്രമാണം നിനക്ക് ഒരു കണ്ണാടിപോലെ ആയിരിക്കട്ടെ. നീ വിശ്വസിക്കുന്നു എന്ന് നീ ഏറ്റുപറയുന്ന എല്ലാം നീ വിശ്വസിക്കുന്നുണ്ടോ എന്നു കാണാൻ നീ നിന്നെത്തന്നെ അതിൽ നോക്കിക്കാണുക. ഓരോ ദിവസവും നിന്റെ വിശ്വാസത്തിൽ നീ സന്തോഷിക്കുകയും ചെയ്യുക (St. Augustine, *Sermo LVIII*, PL XXXVIII, 399).

### വിശ്വാസപ്രമാണം - ആരിയൂസിന് കൗൺസിൽ കൊടുത്ത മറുപടി

കൗൺസിലിൽ വന്ന ആരിയൂസ് തന്റെ പഠനങ്ങളിൽ ഉറച്ചുനിന്നു. പതിനേഴുപേർ അദ്ദേഹത്തിന്റെ പക്ഷത്തുണ്ടായിരുന്നു. അവരിൽ പ്രമുഖൻ നിക്കോമേദിയായിലെ മെത്രാനായിരുന്ന എവുസേബിയൂസ് ആയിരുന്നു. വളരെ നീണ്ട ചർച്ചകളും വാഗ്വാദങ്ങളും നടന്നു. ആരിയൂസിനെ എതിർത്തവരിൽ പ്രമുഖർ അൻസീറാ (ഇപ്പോഴത്തെ അങ്കാറ) യിലെ മാർസേലൂസ് മെത്രാനായിരുന്നു. അദ്ദേഹത്തെ എതിർത്ത മറ്റുള്ളവർ അന്ത്യോക്യയിലെ മെത്രാൻ എവുത്താത്തിയൂസ്, അലക്സാണ്ട്രിയായിലെ ഡീക്കൻ അത്തനേഷ്യസ്, ചെസറിയായിലെ എവുസേബിയൂസ് എന്നിവരായിരുന്നു. ചെസറിയായിലെ എവുസേബിയൂസാണ് ആരിയൂസിനുള്ള ഉത്തരം കൃത്യമായി വിശ്വാസപ്രമാണത്തിന്റെ രീതിയിൽ എഴുതി ഉണ്ടാക്കി അവതരിപ്പിച്ചത്. 'പുത്രൻ പിതാവിനെക്കാൾ താഴെയല്ല' എന്ന് അതിൽ കൃത്യമായി അദ്ദേഹം സ്ഥാപിച്ചു. പുത്രന് പിതാവിന്റെതന്നെ 'സത്ത'യാണെന്നും സ്ഥാപിച്ചു. അവിടുന്ന് ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിന്റെ പ്രകാശവും, യഥാർത്ഥ ദൈവവും ജനിച്ചവനും എന്നാൽ, സൃഷ്ടിക്കപ്പെടാത്തവനുമാണെന്ന് എവുസേബിയൂസ് വാദിച്ചു. പിതാവിന്റെ സത്തതന്നെയാണ് പുത്രന് (homo ousios) എന്ന് സംശയലേശമെന്യേ സ്ഥാപിച്ചു. തുടർന്ന് ആരിയൂസിന്റെ പഠനങ്ങളെ ശപിച്ചു പുറംതള്ളി. നിഖ്യാവിശ്വാസപ്രമാണം എന്നു വിളിക്കുന്ന സഭയുടെ ഔദ്യോഗിക പഠനം 325 ജൂൺ 19 നാണ് അംഗീകരിച്ചത്. കൗൺസിലിൽ പങ്കെടുത്ത രണ്ടുപേർമാത്രമാണ് ഇത് അംഗീകരിക്കാതിരുന്നത്. അവരെയും ആരിയൂസിനോടൊപ്പം പുറത്താക്കി; ആരിയൂസിന്റെ പഠനങ്ങൾ കത്തിച്ചുകളഞ്ഞു. തുടർന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തി നിഖ്യാവിശ്വാസപ്രമാണത്തെ രാജ്യത്തിന്റെ ഔദ്യോഗികനിയമമായി പ്രഖ്യാപിച്ചു നടപ്പാക്കി.

'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും' നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചവരാണ് ആദ്യകാലങ്ങളിൽ സഭയിൽ അംഗങ്ങളായിക്കൊണ്ടിരുന്നത്. ഈ സഭയുടെ നാഥൻ (kyrios) ക്രിസ്തു എന്ന ചരിത്രവ്യക്തിയാണെന്നും, എന്നാൽ അതേസമയം ദൈവത്തിന്റെ അടുത്ത് ആയിരിക്കുന്നവനാണെന്നും (set by the side of God) ആദിമക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. എന്നാൽ, രണ്ടാം നൂറ്റാണ്ടുമുതൽ ഈ ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ ചിന്തിക്കാനും പ്രസംഗിക്കാനും തുടങ്ങി.

ഈ ക്രിസ്തു ആരാണ്? പിതാവിന്റെതന്നെ ഭാഗമാണോ? പിതാവിൽനിന്നു വ്യത്യസ്തനാണോ? ത്രിത്വത്തിലെ മൂന്നുപേർ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു? അവരെ വ്യത്യസ്തരാക്കുന്നത് എന്താണ്? ക്രിസ്തുവിന് ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടോ? ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടെങ്കിൽ അവയ്ക്കു തുല്യമായ വ്യക്തിത്വങ്ങളുണ്ടോ? ഗ്രീക്ക് തത്ത്വചിന്ത പഠിപ്പിക്കുന്ന വചന (Logos)ത്തിന് ലോകത്തിന്റെ സ്രഷ്ടാവിൽനിന്നുള്ള വ്യത്യാസമെന്താണ്? ക്രിസ്തുവിന്റെ സ്ഥാനം ദൈവത്തോടു ചേർന്നാണോ? ഇതിന് ഉത്തരമായി സബേല്ലിയൂസ് പറഞ്ഞു: 'പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ മൂന്നു രൂപങ്ങളാണ്' (modes, manifestations). ആരിയൂസ് എന്ന വൈദികൻ, ഈ കാലത്ത് തന്റെ ഗുരുവായ അന്ത്യോക്യായിലെ ലൂഷ്യന്റെ ആശയത്തോടു യോജിച്ചുകൊണ്ട് വളരെ വ്യത്യസ്തമായ കാഴ്ചപ്പാട് വ്യക്തമാക്കി. അതാണ് പിന്നീട് ആര്യനിസം എന്ന പേരിൽ അറിയപ്പെട്ട് പാഷണ്ഡത ആയിത്തീർന്നത്. ഇങ്ങനെയുള്ള ചിന്തകളും അവയ്ക്കു നൽകപ്പെട്ട ഉത്തരങ്ങളും ആദ്യകാലസഭയിൽ ദൈവശാസ്ത്രത്തിനു തുടക്കമിട്ടു. ഇത്തരം ദൈവശാസ്ത്രചിന്തകളാണ് വിശ്വാസപ്രമാണമായി കാലക്രമത്തിൽ രൂപപ്പെടുന്നത്.

നിഖ്യായിൽ സത്യവിശ്വാസത്തിന്റെ രത്നച്ചുരുക്കം രൂപീകൃതമായി. സത്യവിശ്വാസത്തിനെതിരേ ആഞ്ഞടിക്കുന്ന ഏതു കൊടുങ്കാറ്റിനെതിരേയും നിതാന്തജാഗ്രതപുലർത്തേണ്ടത് സഭാധികാരികളുടെ ഉത്തരവാദിത്വമാണ്. 'സത്യവിശ്വാസത്തിനു ഭംഗം ഉണ്ടാകാൻ പാടില്ല' എന്നും 'സത്യവിശ്വാസത്തിൽ മായം ചേർക്കാൻ അനുവദിക്കരുത്' എന്നുമുള്ള ചിന്ത പിതാക്കന്മാരെ ഭരിച്ചിരുന്നതിനാൽ അവർ ഒത്തുതീർപ്പുകൾക്കൊന്നും സന്നദ്ധരായിരുന്നില്ല. ഇന്നു നാം പ്രാർഥിക്കുന്ന നിഖ്യാവിശ്വാസപ്രമാണം സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രാർഥനതന്നെയാണ്. അതിന്റെ ദൈവശാസ്ത്രപരമായ ആഴങ്ങളിലേക്കു നാം പലപ്പോഴും കടന്നുചെല്ലാറില്ല, ചിന്തിക്കാറുമില്ല. ആദ്യനൂറ്റാണ്ടുകളിൽ ഒരാൾ മാമ്മോദീസാ സ്വീകരിക്കുന്നതിനുമുമ്പ് സഭയുടെ വിശ്വാസം ഏറ്റുപറയണമായിരുന്നു. തുടർന്ന് അതനുസരിച്ചുള്ള ജീവിതവും. ഈ വിശ്വാസപ്രമാണത്തിലെ പല കാര്യങ്ങളുമായിരുന്നു അന്ന് അവർ ഏറ്റുപറഞ്ഞിരുന്നത്; ഇന്നത്തെ രൂപത്തിലും ഭാവത്തിലും അല്ലായിരുന്നുവെന്നുമാത്രം. സർവശക്തനായ ദൈവപിതാവിലും രക്ഷിക്കുന്നവനായ പുത്രൻതമ്പുരാനിലും സംരക്ഷിക്കുന്നവനായ പരിശുദ്ധാരൂപിയിലുമുള്ള വിശ്വാസമായിരുന്നു അന്നവർ ഏറ്റുപറഞ്ഞിരുന്നത്. പിന്നീട് പല കാലഘട്ടങ്ങളിലൂടെ കടന്നുവന്നതാണ് ഇന്നത്തെ രൂപത്തിലുള്ള വിശ്വാസപ്രമാണം.

ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് ആരിയൂസിനു സഭ കൊടുത്ത മറുപടിയാണ്. ആരിയൂസിന്റെ തെറ്റായ ആശയങ്ങളെ ഇവിടെ തിരുത്തി സഭയുടെ ഔദ്യോഗികപഠനം വ്യക്തമാക്കുന്നു. സഭയുടെ വിശ്വാസസംബന്ധമായ എല്ലാ അടിസ്ഥാനകാര്യങ്ങളും ഇതിൽ കാണില്ല; കാരണം, നാലാം നൂറ്റാണ്ടിന്റെ, മതപീഡനം കഴിഞ്ഞുള്ള തൊട്ടടുത്ത കാലത്തിന്റെ പശ്ചാത്തലത്തിൽ വേണം ഇതിനെ കാണാൻ. ദൈവശാസ്ത്രവിശകലനം, വളർച്ച എല്ലാം പിന്നീടാണ് ഉണ്ടാകുന്നത്.

*(തുടരും)*

നോവൽ 8

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

മലേഷ്യയിലെ അപ്പച്ചൻ ദത്തുപുത്രനെ സ്വന്തമകനാണെന്നു നാട്ടുകാരെയും ബന്ധുക്കളെയും ധരിപ്പിക്കേണ്ടതിന് നീണ്ട പത്തുവർഷം നാട്ടിലേക്കു വന്നതേയില്ല. ആ അവസരം മുതലെടുത്തത് കൊച്ചുപ്പാപ്പൻ എന്നു ലിസി വിളിക്കുന്ന കുഞ്ഞവറായും ലിസിയുടെ അപ്പന്റെ മൂത്തജ്യേഷ്ഠൻ കൊച്ചുകൊച്ചപ്പച്ചനുമാണ്. അതിബുദ്ധിമാന്മാരായ അവരിരുവരും വല്യപ്പച്ചന്റെ സ്ഥാവരജംഗമസ്വത്തുക്കൾ അവരുടെ പേരിലേക്കു മാറ്റിക്കൊണ്ടിരുന്നു. ഏറിയ പങ്ക് കൊച്ചുപ്പാപ്പനും കുറച്ച്, കൊച്ചുകൊച്ചപ്പച്ചനും കൈക്കലാക്കി.

കൊച്ചുകൊച്ച് ഇതിനിടയ്ക്ക് ലിസിയുടെ അപ്പനെ അതിവിദഗ്ധമായിട്ടൊന്നു പറ്റിച്ചു.

ബേബിക്ക് ഒരു ബിസിനസ്സ് ഉണ്ടാക്കിക്കൊടുക്കണം. അവൻ ദാരിദ്ര്യപ്പെടുന്നു എന്ന് മലേഷ്യലെ അപ്പച്ചനു കത്തിട്ടു. ചക്കരയും തേങ്ങാപ്പീരയുംപോലെയാണ് കൊച്ചുകൊച്ചപ്പച്ചനും മലേഷ്യനപ്പച്ചനും. അതുകൊണ്ട് എളുപ്പം അനുകൂലമായ പ്രതികരണമുണ്ടായി.

മറുപടി താമസിയാതെ വന്നു.

“ശരിയാ ബേബീ, നീ എന്തു ബിസിനസ്സാണ് ചെയ്യുക? കച്ചോടം നടത്തി ഒന്നു പൊളിഞ്ഞതല്ലേ? പിന്നേം...അതുതന്നേ വേണോ? എന്തുചെയ്യാനാ നിന്റെ പ്ലാൻ? ആട്ടേ, ഞാൻ കൊച്ചായനുമായി ബന്ധപ്പെടാം, നീ ഇനി കുടിച്ചുമുള്ളാതിരുന്നാൽമതി.”

‘കുടിച്ചുമുള്ളുക’ എന്ന കുത്തുവാക്ക് അപ്പനെ വേദനിപ്പിച്ചു.

അപ്പൻ പറഞ്ഞു: “എല്ലാരുംകൂടെ എന്നെയങ്ങു കുടിയനുമാക്കി.”

അമ്മ പറഞ്ഞു: “അതിലും ഇച്ചിരെ നേരില്ലേ, കാലായിലെ അവറാഞ്ചേട്ടനുമായി ചരക്കെടുക്കാൻ പോയിട്ട് നാലുകാലിൽ വന്ന ദിവസങ്ങളുമില്ലേ.”

“അതു നീ കുടിയന്മാരെ കാണാഞ്ഞിട്ടാ, കുഞ്ഞവറാ കുടിക്കുന്നതു നീ കണ്ടിട്ടുണ്ടോ? എന്തിനേറെ പാപ്പനിച്ചായനെന്നാ കുടിയനാ.”

“കുഞ്ഞവറാച്ചൻ കുടിച്ചാലേ അവന്റെ അപ്പന്റെ മൊതലു മുഴുവൻ അനുഭവിക്കുന്നതവനാ, പാപ്പനിച്ചായൻ മലേഷ്യയിൽ രാജാവിനെപ്പോലെ വാഴുന്നോനാ. ആ ഒപ്പം നേരേചൊവ്വേ അനത്തിക്കുടിക്കാൻ മാർഗം കാണാത്തോരു കുടിച്ചാലിങ്ങനെയും കേക്കേണ്ടിവരും.”

അമ്മ തുടർന്നു: “അല്ലെങ്കിലും ഇച്ചാച്ചാ, ഈ കച്ചവടം എന്നൊക്കെപ്പറയുന്നതേ നല്ല മനുഷ്യർക്കു പറഞ്ഞ ഒന്നല്ല. അതിനിച്ചിരെ കാപട്യമൊക്കെ വേണം. ‘കച്ചകപടം’ ആണത്, കച്ചവടമല്ല.”

“രണ്ടു കൈയും കൂട്ടിയടിച്ചാലേ ഒച്ചയുണ്ടാകൂ, ഞാമ്പോണ്, നീയിരുന്നേന്തേലും പുലമ്പ്.”

അപ്പൻ കളം കാലിയാക്കി.

അപ്പൻ കൊച്ചായന്റെ നിഷ്കളങ്കമായ സ്നേഹത്തിന്റെയും ആത്മാർഥതയുടെയും മുന്നിൽ മനസ്സുകൊണ്ട്, നമ്രശിരസ്കനായി.

അമ്മ ശബ്ദം താഴ്ത്തിപ്പറഞ്ഞു: “കാര്യമൊക്കെപ്പറഞ്ഞാലും പാപ്പനിച്ചായൻ വല്ലോം കൊടുക്കുന്നെങ്കിൽ ഈ മനുഷ്യന്റെ കൈയിൽ നേരിട്ടങ്ങു കൊടുത്താ മതിയായിരുന്നു, ഇങ്ങേരു സാധുവായതുകൊണ്ട് വക്രബുദ്ധിക്കാർ ഈ പാവത്തിനെ പറ്റിക്കും.”

കൊച്ചുകൊച്ചിന്റെ പേരിൽ ഇമ്മിണി വല്യൊരു തുക മലേഷ്യനപ്പച്ചൻ അയച്ചുകൊടുത്തു. കൊച്ചുകൊച്ച് ആ പണം ‘വകമാറ്റി’ ചെലവിട്ട് സ്വന്തംപേരിൽ സ്ഥലംവാങ്ങി.

ഏറെക്കാലം കഴിഞ്ഞാണ് അപ്പനീ കൊലച്ചതി അറിയുന്നത്; വിവരമറിഞ്ഞ അപ്പൻ കൊച്ചുകൊച്ചപ്പച്ചനുമായി വഴക്കിട്ടു. എന്നാൽ, സ്വന്തം പെറ്റമ്മപോലും അപ്പന് പക്ഷം നിന്നില്ല.

കുഞ്ഞവറായുടെ കള്ളക്കളികൾ മുഴുവനറിയാവുന്ന കൊച്ചുകൊച്ചിനെ പിണക്കാൻ അവർക്കാവില്ലല്ലോ! തന്നെയല്ല, വല്യമ്മച്ചി കൊച്ചുകൊച്ചിന്റെ രണ്ടാനമ്മയുമാണ്, ആ വഴിയിലും ഒരു പഴിദോഷം വരാതിരിക്കാൻ വല്യമ്മച്ചിയും ഒത്തുകളിച്ചു.

കറുത്തിരുണ്ടിരിക്കുന്ന വല്യമ്മച്ചിയുടെ പ്രാണനാണ് വെളുത്ത സുമുഖനായ വല്യപ്പച്ചൻ. വാടകപിരിക്കുന്നതും സമ്പാദിക്കുന്നതുമൊക്കെ വല്യമ്മച്ചി



യാണ്. കറുത്തിട്ടാണെങ്കിലും വല്യമ്മച്ചിയുടെ മുഖത്തിന് ഏഴഴകാണ്. നല്ല ആരോഗ്യവും കാര്യശേഷിയും വല്യമ്മച്ചിയുടെ പ്രത്യേകതയാണ്.

വല്യപ്പച്ചൻ വിശുദ്ധ ബൈബിളിലെ ഇസഹാക്കായി മാറി. യാതൊരു രഹസ്യവും, ആ വീട്ടിൽ നടക്കുന്ന അനീതികളൊന്നും ആ സാത്വികൻ അറിയുന്നില്ല. യാമപ്രാർഥനകൾ ചൊല്ലിയും പത്രം വായിച്ചും റേഡിയോകേട്ടും സുഭിക്ഷമായ ഭക്ഷണംകഴിച്ചും കാലം പോക്കി. ആയകാലത്ത് ഈ സ്വത്തെല്ലാം വല്യപ്പച്ചൻ ഒറ്റയ്ക്കുണ്ടാക്കിയതാണ്. വല്യപ്പച്ചൻ കൊച്ചീന്ന് ചരക്കുകൊണ്ടുവരുന്ന രാജകീയയാത്രയെക്കുറിച്ച് അഴകനും കറമ്പനുമൊക്കെ വിവരിക്കുന്നതു കേൾക്കാൻ നല്ല രസമാണ്.

വല്യപ്പച്ചന്റെ ജ്യേഷ്ഠന്റെ മക്കൾ കണക്കുകളിൽ തിരിമറി കാണിക്കാൻ തുടങ്ങിയപ്പോൾ ‘ശനിദശ’ തുടങ്ങി. ഇനി നഷ്ടമേ വരൂ, എന്നു പറഞ്ഞ് വല്യപ്പച്ചൻ ബിസിനസ്സൊക്കെ നിർത്തി പരിപൂർണ വിശ്രമജീവിതം നയിക്കുകയാണ്.

വഞ്ചിച്ചവരെപ്പോലെതന്നെ വഞ്ചിക്കപ്പെട്ടവരും, ആരുമാരും വല്യപ്പച്ചനെ യാതൊന്നും അറിയിച്ചതേയില്ല.

എന്നാൽ, വല്യമ്മച്ചി അറിയാതെ ആ കുടുംബത്ത് ഒരു ഇല പോലുമനങ്ങില്ല.

ലിസിയുടെ അമ്മയും മലേഷ്യേലേ അമ്മച്ചിയുമാണ് ഏറ്റവും കൂടുതൽ സ്ത്രീധനവും സ്വർണവുമായി തറവാട്ടിലേക്കെത്തിയവർ. ഡോറിന് കുറേ പ്രോപ്പർട്ടീസും ഗോൾഡുമൊക്കെ കിട്ടിയെങ്കിലും അതവർ അവിടെത്തന്നെ കൈകാര്യം ചെയ്യുകയാണുണ്ടായത്. നാട്ടിലേക്കൊന്നും കൊണ്ടുവന്നിട്ടില്ല.

അമ്മയുടെ സ്ത്രീധനത്തുകയിൽനിന്നു കല്യാണച്ചെലവിനെടുത്തതിന്റെ ബാക്കികൊണ്ട് വല്യപ്പച്ചൻ ഭേദപ്പെട്ട ഒരു പലചരക്കുകട അപ്പനിട്ടുകൊടുത്തതാണ്. അത് കടംകയറി പൊളിഞ്ഞതാണ്. കടംകയറി കുത്തുപാളയെടുത്തു എന്നു പറയുന്നതാണ് കൂടുതൽ ശരി.

‘കുഞ്ഞവറാ എന്റെ കട പൊളിച്ചു’ എന്നുപറഞ്ഞ് പലപ്പോഴും അപ്പൻ പദംപറഞ്ഞ് വിഷമിക്കുന്നത് ലിസി കണ്ടിട്ടുണ്ട്.

അപ്പൻ ചരക്കെടുക്കാൻ കോട്ടയത്തിനു പോകുമ്പോൾ കൊച്ചുപ്പാപ്പൻ വന്ന് അധികാരത്തോടെ താക്കോലെടുപ്പിച്ച് തന്റെ വേലക്കാരുമായി കടയിൽ കയറി സാധനങ്ങളെല്ലാം തറവാട്ടിലേക്കു ചുമന്നുകൊണ്ടുപോകും. അപ്പൻ വന്നിട്ട് താക്കോൽ എന്തിന് എടുത്തുകൊടുത്തെന്നുപറഞ്ഞ് അമ്മയോടു വഴക്കിടുമെങ്കിലും പെറ്റമ്മയോടുപോലും അപ്പൻ പരാതി പറയില്ല.

അത്താഴവും കള്ളും മുറുക്കാനും കൊടുത്ത് അവർ അപ്പനെ വശത്താക്കിയിട്ടുണ്ട്. അവരുടെ കൈയിലെ ഒരു കളിപ്പാവമാത്രമായിരുന്നു അപ്പൻ. അവരെന്തുപറഞ്ഞാലും പഞ്ചപുച്ഛമടക്കി അനുസരിക്കുന്ന ഒരു അടിമയെപ്പോലെയാണ് അപ്പൻ.

എഴുതിത്തള്ളിയ കിട്ടാക്കടങ്ങളുടെ കണക്കുകൾ സംസാരിക്കുന്ന രണ്ടുമൂന്നു വലിയ രജിസ്റ്റർബുക്കുകൾമാത്രം അപ്പന്റെ മേശയിലുണ്ട്. അപ്പൻ നിധിപോലെ കാക്കുന്ന ആ രജിസ്റ്റർ ബുക്കുകളിൽ പത്തമ്പലത്തെ മിക്ക ഗൃഹനാഥന്മാരുടെയും വീട്ടുപേരോടുകൂടിയ പേരുകളുണ്ട്.

അപ്പന്റെ കൈപ്പടയുടെ ചന്തം ആസ്വദിക്കണമെന്നു തോന്നുമ്പോൾ അപ്പൻ കാണാതെ അവൾ ആ ബുക്കുകളിലൂടെ വിരലുകളോടിക്കും.

ജാക്സൺ കണ്ടിട്ടുണ്ടെങ്കിൽ അവനോടിച്ചെന്ന് അമ്മയോടു പറയും: ‘അമ്മേ, ദേ ലിസ്സിപ്പെണ്ണ് ഇച്ചാച്ചന്റെ രജിസ്റ്റർബുക്കിൽ കുത്തിവരയ്ക്കുന്നു.’ അമ്മയുടെ വക നല്ലതല്ല് ഉറപ്പാണ്.

ലിസിക്ക് അപ്പനെ തീരെ പേടിയില്ല. എന്നാൽ, അമ്മ ഒരു രക്ഷേമില്ല. സ്വൈരോം തരില്ല, ജോലീം ചെയ്യിക്കും, ഇച്ഛ പിഴച്ചാൽ അടീം തരും. അമ്മ പറയുന്നത് പെമ്പിള്ളേര് അടങ്ങിയൊതുങ്ങി പറയുന്നതനുസരിച്ച് മര്യാദയ്ക്കങ്ങു ജീവിച്ചാ മതീന്നാ. നാളെ മറ്റൊരു വീട്ടില് പറഞ്ഞുവിടാനൊള്ളതാണ്.

ഈ പാവം ആങ്കുഞ്ഞുങ്ങൾ മേലെടുത്തു പണിത് വല്ലോം ഒണ്ടാക്കിയാലേ നിന്റെയൊക്കെ കഴുത്തേ മിന്നുവച്ചിറക്കി വിടാൻ കഴിയൂ എന്ന കുത്തുവാക്കുകൾ ഇടയ്ക്കിടയ്ക്ക് പെൺമക്കൾക്ക് അമ്മ സമ്മാനിക്കാറുണ്ട്.

അതു ശരിക്കും ആങ്ങളമാർ, പ്രത്യേകിച്ച്, ജാക്സനങ്ങു മുതലെടുക്കുന്നുമുണ്ട്.

തറവാട്ടിലെ തടികൾ മുഴുവൻ വില്ക്കുകയാണ്. തേക്കും ആഞ്ഞിലിയുമാണ് കൂടുതലും. തടികളെല്ലാം ലിസിയുടെ വീട്ടുമുറ്റത്തും കെ.കെ. റോഡിന്റെ ഇരുവശവുമായി അട്ടിയടുക്കിയിട്ടിരിക്കുന്നു, കാവൽ കിടക്കാൻ കൊച്ചുപ്പാപ്പൻ രാത്രിയിൽ വന്ന് തങ്ങളുടെ തിണ്ണയിൽ കിടക്കും. കൊച്ചുവെളുപ്പാൻകാലത്ത് അമ്മയോട് ചൂടുകടുംകാപ്പിയും വാങ്ങിക്കുടിച്ച്, പുതച്ച കമ്പിളിയുമായി തറവാട്ടിലേക്കു പോകും.

ആ തടികൾ വിറ്റവകയിൽ ഒരു നയാപൈസപോലും അപ്പനു ലഭിച്ചിട്ടില്ല.

റബർത്തോട്ടത്തിലെ വൃക്ഷങ്ങളെല്ലാം വെട്ടിമാറ്റി. കപ്പയും വാഴയും ചേമ്പുമെല്ലാം കൃഷി ചെയ്തു.

ആഘോഷമായ വിളവെടുപ്പു കഴിഞ്ഞ് പറമ്പുകിളച്ച് അടുത്ത വിളവിറക്കാൻ മണ്ണ് പരുവപ്പെടുത്തി. പറമ്പുകിളച്ചപ്പോൾ കുഞ്ഞുകുഞ്ഞു കാച്ചിക്കകളും ചേമ്പിൻ വിത്തുകളുമെല്ലാം കിട്ടി. മറ്റു പണിക്കാർക്കാർക്കും അതൊന്നും വേണ്ടാ, ആ പണിക്കാരുടെ പ്രേരണയും ഒത്താശയുംകൂടെ കണക്കിലെടുത്ത് അപ്പനതെല്ലാം ഒരു കുട്ടയിലാക്കി സാജന്റെ കൈവശം കൊടുത്തയച്ചു. അമ്മയതൊക്കെ നന്നായി കുഴച്ചു വേവിച്ചിളക്കി ഒമ്പതു പാത്രങ്ങളിലായി വിളമ്പി.

അപ്പൻ എവിടെപ്പോയാലും സാജൻ മുട്ടിയുരുമ്മി നടക്കും. അപ്പന് പ്രഭാതസവാരി നിർബ്ബന്ധമാണ്. കൊഴുകൊഴാന്ന് തടിച്ചുരുണ്ടിരിക്കുന്ന സാജനും അപ്പനോടൊപ്പം നടക്കാൻ പോകും.

അപ്പന്റൊപ്പം പഠിച്ച പുളിമൂട്ടിലെ ഗീവറിച്ചായൻ പതിവായി അവന് പങ്കിയുടെ കടയിൽനിന്ന് ഓരോ ഏത്തയ്ക്ക വാങ്ങിക്കൊടുക്കും. ഗീവറിച്ചായനറിയാം അപ്പൻ പണത്തിന് നന്നേ ക്ലേശിക്കുന്നുണ്ടെന്ന്.

ആരോഗ്യംകൊണ്ടല്ല സാജൻ അങ്ങനെ കൊഴുത്തുരുണ്ടിരിക്കുന്നത്, പിത്തക്കാടിയാണത്രേ. സാജനെ അമ്മ കുറേ കഷായം കുടിപ്പിച്ചതാണ്.

അവനൊരു രോഗമുണ്ട്, പുറത്തറിഞ്ഞാൽ ആളുകൾ പരിഹസിക്കും, കിടന്നുമുള്ളും.

മകനെ ‘കിടന്നുമുള്ളീന്നു’ വിളിപ്പിക്കാതിരിക്കാൻ വീടിന്റെ പര്യത്തുകൂടെ ഒഴുകുന്ന കൈത്തോട്ടിൽ വെളുപ്പിനെതന്നെ അവന്റെ പായും പുതപ്പും കഴുകി അമ്മ ഉണക്കാനിടും. എന്നിട്ട് നാട്ടുവൈദ്യരുടെ നിർദേശപ്രകാരം അവന്റെ പായുടെ കീഴിൽ തവിടുകളയാത്ത നെല്ലുകുത്തരിയിട്ട്, അവനറിയാതെ വറുത്ത് തേങ്ങാപ്പീരയുമിട്ടുകൊടുക്കും. ഇത്തരം പ്രാകൃതചികിത്സയോട് റോയിച്ചായനും അപ്പനും എതിർപ്പാണ്. എന്നാലും തവിട് ശരീരത്തിന് ഏറെ ഗുണകരമാണെന്ന് അവരുപറഞ്ഞു.

ദിവസവും മീൻനെയ്ഗുളികകൾ അമ്മ അവനെ തല്ലിത്തീറ്റി.

ശേഷം 12-ാം പേജിൽ

# കേരളം കടഭാരത്തിന്റെ നടുക്കടലിൽ

1-ാം പേജ് തുടർച്ച

കേന്ദ്രജീവനക്കാർക്ക് 40 ശതമാനം മുതൽ 60 ശതമാനംവരെ ശമ്പളവർധന നടപ്പാക്കിയപ്പോൾ മിക്ക സംസ്ഥാനങ്ങളിലും ഈ രീതിയിൽ ശമ്പളവർധന നടപ്പാക്കാൻ നിർബന്ധിതരായി. സ്പെക്ട്രലേലത്തിലൂടെ അവിചാരിതമായി ലഭിച്ച വരുമാനവർധനമൂലം ഈ ബാധ്യതയിൽനിന്നു കരകയറാൻ ഭാരതസർക്കാരിനു കഴിഞ്ഞു. പക്ഷേ, സംസ്ഥാനങ്ങൾ വലിയ തോതിൽ കടമെടുത്ത് ശമ്പളപരിഷ്കരണത്തിന്റെ ബാധ്യത തീർക്കാൻ നിർബന്ധിതമായി. ഇങ്ങനെ കടംവാങ്ങുന്ന പണം പദ്ധതികളിൽ മുടക്കാനോ വ്യവസായം തുടങ്ങി അതിന്റെ ലാഭത്തിൽനിന്നു മുതലും പലിശയും തിരിച്ചടയ്ക്കാനോ അല്ല ഉപയോഗിക്കുന്നതെന്നത് 2023-24 ൽ കേരളം എടുത്ത കടത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ കാലയളവിൽ 103043 കോടി രൂപയാണ് കേരളം കടമെടുത്തത്. മുൻകാലകടത്തിന്റെ തിരിച്ചടവിനായി ഇതിൽനിന്ന് 73000 കോടി മാറ്റി. ബാക്കി 27000 രൂപ പലിശയിനത്തിലും അടച്ചുകഴിഞ്ഞപ്പോഴാണ് മറ്റ് ആവശ്യങ്ങൾ 3043 കോടി രൂപയാണ് മിച്ചം ഉള്ളതെന്നു തിരിച്ചറിഞ്ഞത്.

സർക്കാരും സ്ഥാപനങ്ങളും എങ്ങനെയാണ് സാമ്പത്തികപ്രതിസന്ധിയിൽ എത്തിപ്പെടുന്നതെന്നതിന്റെ മറ്റൊരു ഉദാഹരണംകൂടി കുറിക്കട്ടെ. കെഎസ്ഇബിയുടെ ശമ്പളപെൻഷൻ ചെലവ് 2016-17 വർഷം 3603.69 കോടിയിൽനിന്ന് 2018-19 വർഷം 5134.34 കോടി ആയി ഉയർന്നു. രണ്ടു വർഷംകൊണ്ട് 42.47 ശതമാനം വർധന. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത ശമ്പളച്ചെലവ് ഇവിടെ ഉണ്ടാകുമ്പോൾ സാധാരണ വൈദ്യുതി ഉപഭോക്താക്കളുടെ നിരക്കു വർദ്ധിപ്പിച്ച് വരുമാനംകൂട്ടിയാണ് കെഎസ്ഇബി പ്രതിസന്ധി മറികടക്കുന്നത്.

ധനവിനിയോഗത്തിലെ കാര്യക്ഷമത, വരുമാനസമാഹരണം, സാമ്പത്തിക അച്ചടക്കം, വായ്പകളും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനവും, കടം താങ്ങാനുള്ള പരിധി തുടങ്ങിയവ മാനദണ്ഡങ്ങളായി സ്വീകരിച്ചുകൊണ്ട് ഇന്ത്യൻ സംസ്ഥാനങ്ങളുടെ സാമ്പത്തികനില വിലയിരുത്താനായി നീതി ആയോഗ് പുറത്തിറക്കിയ പ്രഥമസാമ്പത്തികഭദ്രതാസൂചികയിൽ പ്രധാനപ്പെട്ട 18 സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം 15-ാമതാണ്. കേരളവും പഞ്ചാബും ബംഗാളും കഴിഞ്ഞ ഒമ്പതു വർഷമായി




സാമ്പത്തികവെല്ലുവിളി നേരിടുന്നതായും റിപ്പോർട്ട് പറയുന്നു. 2021-22 റവന്യൂ വരുമാനത്തിന്റെ 20 ശതമാനം പലിശയടയ്ക്കുന്നതിനാണു ചെലവഴക്കുന്നതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. നമ്മൾ ഏറ്റവും അഭിമാനത്തോടെ പറയുന്ന വിദ്യാഭ്യാസമേഖലയിൽ കേരളം ചെലവിടുന്നത് 14 ശതമാനം ആണെങ്കിൽ മറ്റു സംസ്ഥാനങ്ങളുടെ ശരാശരി 14.9 ശതമാനമാണ്.

പല ഇന്ത്യൻസംസ്ഥാനങ്ങളും കടക്കെണിയിലേക്കു കൂപ്പുകുത്തുകയാണെന്ന തിരിച്ചറിവിൽ ക്രമാതീതമായി കടം എടുക്കുന്നതിൽനിന്നു സംസ്ഥാനങ്ങളെ നിരുത്സാഹപ്പെടുത്താനായി 2003 ൽ പാർലമെന്റ് ധന ഉത്തരവാദിത്വബജറ്റ് നിർവഹണ നിയമം പാസ്സാക്കി. ഇതിന്റെ തുടർച്ചയായി സംസ്ഥാനനിയമസഭയും സമാനസ്വഭാവത്തിലുള്ള നിയമം നിർമിച്ചു. ഈ നിയമപ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിതകടം എസ്ഡിപിയുടെ 29 ശതമാനമായി നിയന്ത്രിച്ചു നിറുത്തണം. 1970 മുതൽ നീതിബോധത്തോടെയുള്ള കടമെടുപ്പാണു നടത്തിയിരുന്നതെങ്കിൽ അഞ്ചാം ശമ്പളപരിഷ്കരണത്തോടെ കടമെടുപ്പ് സകലസീമകളും തെറ്റിച്ചാണു മുന്നേറുന്നത്.

സർക്കാർ കടമെടുക്കുന്നത് എന്നെ ബാധിക്കുന്ന കാര്യമല്ലെന്നു ചിന്തിക്കുന്നവരോട് ഒന്ന് ഓർമിപ്പിക്കുന്നു. നമുക്കുവേണ്ടി സർക്കാർ ആരോടെല്ലാമാണ് കടം പറയുന്നത്? നമ്മൾ സഞ്ചരിക്കുന്ന റോഡ് പണിതവരോട് 16000 കോടി കടം പറയുന്നു. ശമ്പള പരിഷ്കരണകുടിശ്ശികക്കാരോട് 15000 കോടി കടം പറയുമ്പോൾ ക്ഷേമപെൻഷൻകാരോട് കടം പറഞ്ഞിരിക്കുന്നത് 3400 കോടിയാണ്. ഇങ്ങനെ ചെറുതും വലുതുമായ കടം പെരുകുമ്പോൾ പണം കണ്ടെത്താൽ സാധാരണക്കാരന്റെ മേൽ നികുതി അടിച്ചേല്പിക്കുമ്പോഴാണ് സർക്കാർ കടം മേടിച്ചാൽ അതു തിരിച്ചടയ്ക്കേണ്ട സാധ്യത നമ്മുടേതാണെന്ന കാര്യം ഓർമ വരിക.

വ്യക്തികളും സ്ഥാപനങ്ങളും വർഷത്തിൽ എത്ര തവണയാണ് കടം എടുക്കുന്നത്? പിടിച്ചുനിൽക്കാൻ മറ്റു മാർഗമില്ലാത്തപ്പോൾ ആദ്യം വ്യക്തികളിൽനിന്ന് പിന്നെ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കടം എടുക്കും. ആ സ്ഥിതിയിൽ നമ്മുടെ സംസ്ഥാനം എത്തിച്ചേർന്നോ? ഇക്കഴിഞ്ഞ സാമ്പത്തികവർഷം 225 പ്രാവശ്യമാണ് നമ്മുടെ സർക്കാർ കടം എടുത്തത്. വീണ്ടും 12000 കോടി കടം എടുക്കാൻ കേന്ദ്രസർക്കാർ അനുവാദം നൽകിയിട്ടുണ്ടെന്ന് മാധ്യമവാർത്തകൾ കണ്ടു.

ദീർഘവീക്ഷണമില്ലായ്മയാണ് പലപ്പോഴും കടക്കെണിയിൽ വീഴാൻ ഇടയാക്കുന്നത്. വോട്ടു നേടാൻ രാഷ്ട്രീയകക്ഷികൾ സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്നതിനെതിരേ സുപ്രീം കോടതി വളരെ രൂക്ഷമായ രീതിയിലാണ് പ്രതികരിച്ചിരിക്കുന്നത്. സൗജന്യറേഷനും പണവും ലഭിക്കുന്നതിനാൽ ജനങ്ങൾ ജോലി ചെയ്യാൻ തയ്യാറാകുന്നില്ലെന്ന നിരീക്ഷണവും കോടതി നടത്തി. ഇതു രാജ്യത്തിന്റെ വളർച്ചയെ തന്നെ ബാധിക്കുന്നതാണെന്നും ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബഞ്ച് പറഞ്ഞുവച്ചു.

സംസ്ഥാനം കടക്കെണിയിൽനിന്നു മോചനം നേടണമെങ്കിൽ ചെലവു ചുരുക്കിയേ പറ്റൂ. അതോടൊപ്പം, വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ ഉണ്ടാവുകയും വേണം. ജി.എസ്.ടി. വരുമാനത്തിലെ ചോർച്ച തടയുക, വനത്തിൽനിന്നുള്ള വരുമാനം വർധിപ്പിക്കുക, സർക്കാർ പാട്ടം നൽകിയിരിക്കുന്ന ഭൂമിയുടെ പാട്ടം പുനഃപരിശോധിക്കുക, തരിശ് ഇട്ടിരിക്കുന്ന ഭൂമി പാട്ടത്തിനു നൽകി വരുമാനം വർധിപ്പിക്കുക എന്നിവയെക്കുറിച്ചു ഗൗരവമായി ചിന്തിക്കണം.

സാമ്പത്തികപ്രതിസന്ധി മറികടക്കാൻ 2024-25 ബജറ്റിൽ പ്ലാൻ ബി യെക്കുറിച്ച് ധനമന്ത്രി സൂചിപ്പിച്ചു. ക്ഷേമപെൻഷൻ, സർക്കാർ ജീവനക്കാരുടെ ഡി എ കുടിശ്ശിക എന്നിവ നൽകുന്നതിനു പണം കണ്ടെത്താനായി പദ്ധതിവിഹിതത്തിൽ 50 ശതമാനം വെട്ടിക്കുറയ്ക്കാൻ വകുപ്പുകൾക്കു സർക്കാർ നിർദേശം നല്കി. ഇത്തരത്തിലുള്ള സമീപനം കൂടുതൽ ധനപ്രതിസന്ധി ഉണ്ടാക്കും. ഇപ്പോൾത്തന്നെ പണം മുടക്കിയ പദ്ധതികൾ നിറുത്തിവച്ചാൽ പിന്നീട് റീ എസ്റ്റിമേറ്റ് എടുത്ത് കൂടുതൽ പണം ചെലവഴിച്ച് ആ പദ്ധതി പൂർത്തിയാക്കേണ്ടിവരും. ഇതിനുപകരം ദുർച്ചെലവുകൾ കുറയ്ക്കുകയാണു വേണ്ടത്. സർക്കാരിന്റെ പ്രതിച്ഛായ വർധിപ്പിക്കാനെന്ന പേരിൽ കോടികൾ പരസ്യത്തിനായി ചെലവഴിക്കുന്നത് ഒഴിവാക്കണം. പുതിയ വാഹനങ്ങൾ വാങ്ങാൻ ബജറ്റിൽ 100 കോടി രൂപാ നീക്കിവച്ചിരിക്കുന്നു. ഇതിനുപകരം ഉദ്യോഗസ്ഥമേധാവികൾക്ക് അവരുടെ സ്ഥാനത്തിനനുസരിച്ച് വാഹന അലവൻസ് നൽകിയാൽ ഖജനാവിന് വലിയ നേട്ടം ഉണ്ടാവും. ഈ കുറിപ്പ് എഴുതുന്ന മാർച്ച് 18-ാം തീയതി ആയിട്ടും നിയമസഭാസാമാജികരുടെ ടിഎ ലഭിച്ചിട്ടില്ലെന്നാണ് അറിയുന്നത്. അപ്പോൾ നമ്മുടെ ഖജനാവിന്റെ സ്ഥിതി എത്ര ഭദ്രമാണെന്നു വായനക്കാർ വിലയിരുത്തുമല്ലോ. ■

# കണ്ണീർമഴയിൽ നനഞ്ഞ പാടവരമ്പുകൾ

1-ാം പേജ് തുടർച്ച

കൊയ്ത്തു തുടങ്ങുമ്പോൾമുതൽ സംഭരിച്ചാൽമാത്രമേ യഥാസമയം കൊയ്ത്തു പൂർത്തിയാക്കാൻ കഴിയൂ. തുടർച്ചർച്ചകൾക്കൊടുവിൽ രണ്ടു കിലോ കിഴിവു നല്കി നെല്ലുസംഭരണം ആരംഭിക്കാൻ കർഷകർ നിർബന്ധിതരായി. ഒപ്പം, കിഴിവു നൽകുന്ന നെല്ലിന്റെ കൈകാര്യച്ചെലവും കർഷകർക്കുമേൽ ചുമത്തിയാണ് കൃഷിമന്ത്രിയടക്കം കുത്തകമില്ലുകാർക്കുവേണ്ടി നിലകൊണ്ടത്. ഇതോടെ ജെ ബ്ലോക്ക് 9000 പാടശേഖരത്തിലെ കർഷകർക്കുമാത്രം നഷ്ടമാവുന്നത് 20 ലക്ഷം രൂപയാണ്. കുട്ടനാട്ടിൽ പ്രശ്നം ഇതിനേക്കാൾ രൂക്ഷമാകും. തണ്ണീർത്തടവും കരിനിലവും കൂടുതലായതിനാൽ കുട്ടനാട്ടിലെ നെല്ല് എത്ര മികച്ചതായാലും കറവൽ കൂടുതലാവാൻ സാധ്യതയുണ്ട്. ഇവിടെ മില്ലുകൾ കൂടുതൽ കിഴിവ് ആവശ്യപ്പെടും. വെള്ളക്കെട്ട് പ്രദേശമായതിനാലും സർക്കാർ മില്ലുകാർക്കൊപ്പം നിൽക്കുന്നതിനാലും കർഷകർക്ക് അതിനു വഴങ്ങേണ്ടിയും വരും.

**കർഷകനൊമ്പരങ്ങൾ**

കാലാവസ്ഥാവ്യതിയാനവും കൊയ്ത്തുയന്ത്രത്തിന്റെയും വളത്തിന്റെയും ക്ഷാമവുമടക്കം ഏറെ പ്രതിസന്ധികളിലൂടെയാണ് നെൽക്കർഷകർ കടന്നുപോകുന്നത്. കഴിഞ്ഞ പത്തു വർഷത്തിനിടെ ഉത്പാദനച്ചെലവ് 70 ശതമാനത്തോളം കൂടിയിട്ടും നെല്ലിന്റെ സംഭരണവിലയിൽ വർധനയുണ്ടായിട്ടില്ല. ക്വിന്റലിന് 12 രൂപ എന്ന വർഷങ്ങളായി ലഭിക്കുന്ന കൈകാര്യച്ചെലവുതുകയും കൂട്ടിനല്കിയിട്ടില്ല. ബാങ്കുകളിൽനിന്ന് വായ്പയെടുത്തും സ്വർണം പണയം വച്ചും മറ്റും പാടത്തു കൃഷിയിറക്കുന്നവർക്ക് യഥാസമയം നെല്ലിന്റെ വിലയും കിട്ടുന്നില്ല. കൃഷിയിലെ നഷ്ടവും സംഭരിച്ച നെല്ലിന്റെ തുക സമയത്തു ലഭിക്കാത്തതും കർഷകരെ ആത്മഹത്യാമുനമ്പിലേക്കു നയിക്കുന്നു. നെൽക്കർഷകർക്ക് അഞ്ചു പൈസ കൂട്ടിക്കൊടുക്കാത്ത സർക്കാർ, ആവശ്യപ്പെടാതെതന്നെ പിഎസ്സി അംഗങ്ങൾക്കും ഡൽഹി പ്രതിനിധി എന്ന ഉപയോഗശൂന്യപദവിക്കുമായി ഈ വർഷം വർധിപ്പിച്ചുനല്കിയത് ലക്ഷങ്ങളാണെന്നിരിക്കേ, കർഷകരോടുള്ള സർക്കാരിന്റെ ഇരട്ടത്താപ്പ് വെളിവായിരിക്കുന്നു.

പരിഹാരമില്ലാത്ത പ്രശ്നമൊന്നുമല്ല ഇത്. യഥാസമയത്ത് ഗുണനിലവാരമുള്ള വിത്തും വളവും വിതരണം ചെയ്യുകയും കൊയ്ത്തുയന്ത്രങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും വേണം. ഒപ്പം, യഥാകാലം നെല്ലുസംഭരണം നടത്താനും, സംഭരണവിഷയത്തിൽ കർഷകർക്കൊപ്പം ഉറച്ചുനിൽക്കാനും സംഭരിച്ച നെല്ലിന്റെ വില കൃത്യമായി നല്കാൻ സപ്ലൈകോയ്ക്കു ഫണ്ട് ലഭ്യമാക്കാനും സർക്കാർ തയ്യാറാവണം. കർഷകർ ഇല്ലാതായാൽ അന്നമില്ലാതാവുമെന്ന തിരിച്ചറിവ് എന്നാണ് നമുക്കുണ്ടാവുക? ■

കവിത

ശശികല മോഹൻദാസ്

## നിറമുള്ള കിനാക്കൾ

നിറമുള്ള സുന്ദരസ്വപ്നങ്ങളെന്നിൽ
നിറകതിർശോഭയായ് നിന്നിടുന്നു,
നവ്യമാമനുഭൂതിയായി നിറയുന്നു
പൂത്തുമ്പിപോലെയെൻ ഹൃത്തടത്തിൽ.

എത്രയോ വാസന്തമെത്രയോ ഹേമന്ത-
മെത്ര ഋതുക്കൾ കടന്നുപോയി
വ്യർത്ഥമാം ജീവിതസംവത്സരങ്ങളോ
വർണ്ണങ്ങളില്ലാതെ പോയ്മറഞ്ഞു.

ഏഴുനിറമുള്ള മാരിവിൽചാരുത
ഏറുന്നൊരാകാശക്കോണിലായി
പൂത്തകിനാക്കൾതൻ മോഹനവല്ലിയായ്
ചുറ്റിപ്പടരുന്നനുദിനമേ.

അനുപമ സർഗ്ഗസംഗീതംപോലെന്നുള്ളിൽ
ശ്രുതിമീട്ടിയൊഴുകുമാ കല്ലോലിനി
ശ്രാവണചന്ദ്രിക പോലെന്നുമെന്നുള്ളിൽ
മധുമന്ദഹാസമായൊഴുകീടട്ടെ.




# രേഖ ഓർമിപ്പിക്കുന്നത്

ഏതെങ്കിലും സൂപ്പർതാരത്തിന്റെയോ സംവിധായകന്റെയോ പേരിലാണ് സിനിമകൾ കൂടുതലും വിറ്റഴിക്കപ്പെടുകയും ആളുകളിലേക്കെത്തുകയും ചെയ്യുന്നത് എന്നുവരികിലും നാം ഒരിക്കൽപ്പോലും മുഖംകൊണ്ടു തിരിച്ചറിയപ്പെടാതെ പോകുന്ന എത്രയോ അഭിനേതാക്കളുടെ കൂടിയാണ് സിനിമ. ഉദാഹരണത്തിന്, ഒരു ആശുപത്രിയാണ് പശ്ചാത്തലമെന്നു വിചാരിക്കുക. രോഗിയായും ഡോക്ടറായും നേഴ്സായും ബൈസ്റ്റാന്ററായും ഒരു സീനിൽ എത്രയോ പേർ കടന്നു പോകുന്നുണ്ട്.

ഭൂരിപക്ഷത്തിനും പരിചയമുണ്ടാകാൻ ഇടയുള്ള പ്രിയദർശൻ - മോഹൻലാൽ ടീമിന്റെ ചന്ദ്രലേഖ എന്ന സിനിമതന്നെയെടുക്കുക. കൂടുതൽ രംഗങ്ങളിലും അതിൽ കടന്നുവരുന്നത് ആശുപത്രിയാണ്. ആ രംഗങ്ങളിലൊക്കെ പാസിങ് ഷോട്ടുകളിലായി മുകളിൽ പ്പറഞ്ഞതുപോലെ അനേകർ വരുന്നുണ്ട്. അതിൽ ഒരാളുടെപോലും മുഖം നമ്മുടെ മനസ്സിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. അതുപോലെ ഒരു മാർക്കറ്റ്, ഉത്സവം, പെരുന്നാൾ, കോളജ്, കോടതി... ഇങ്ങനെ പല രംഗങ്ങളിലായി സിനിമ ചിത്രീകരിക്കപ്പെടുമ്പോൾ കാഴ്ചക്കാരായോ അല്ലെങ്കിൽ ഒരൊറ്റ ഡയലോഗ് പറയാനായോ പലരും വന്നുപോകുന്നുണ്ട്. എന്നാൽ, അവരെയൊരെയും നാം തിരിച്ചറിയുന്നില്ല. ഇപ്രകാരം തിരിച്ചറിയപ്പെടാതെപോകുന്ന, എന്നാൽ, സിനിമയെ സമ്പന്നമാക്കുന്ന ഒരു വിഭാഗം നടീനടന്മാരുണ്ട്. അവരെ വിശേഷിപ്പിക്കുന്ന പേരാണ് എക്സ്ട്രാ നടീനടന്മാർ.

അഭിനയത്തോടുള്ള പാഷൻ എന്നതിനൊപ്പമോ അതിനെക്കാളുമോ ജീവിക്കാനുള്ള മാർഗമായി ദിവസക്കൂലിക്കുവേണ്ടി ഫ്രെയിം റിച്ചാക്കാൻ ഓടുന്നവർ. എല്ലായ്പ്പോഴും അവഗണിക്കപ്പെടുന്നവർ. ചൂഷണത്തിനു വിധേയരാകുന്നവർ, അർഹതപ്പെട്ട കൂലിപോലും കിട്ടാതെപോകുന്നവർ. ഏതൊരു സിനിമയിലും ഇങ്ങനെയൊരു വിഭാഗമുണ്ടെന്നു സാധാരണക്കാരായ പ്രേക്ഷകർക്ക് ഓർമ്മയുണ്ടായത് സമീപകാലത്തെ ഹിറ്റ്സിനിമകളിലൊന്നായ രേഖാചിത്രത്തിലൂടെയാണെന്നു തോന്നുന്നു. അഭിനയമോഹവുമായി വീടുവിട്ടിറങ്ങി സിനിമയിൽ ഒരു എക്സ്ട്രാനടിയായി കരിയർ ആരംഭിച്ച് അകാലത്തിൽ പൊലിഞ്ഞുപോയ രേഖയുടെ കഥയായിരുന്നല്ലോ പ്രസ്തുത ചിത്രം പറഞ്ഞത്.

ഭക്ഷണത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും വേതനത്തിന്റെയും കാര്യങ്ങളിൽ രൂക്ഷമായ രീതിയിലുള്ള വിവേചനം നേരിടുന്നവരാണ് എക്സ്ട്രാ നടീനടന്മാർ എന്നതു പരസ്യമായ രഹസ്യമാണ്. രണ്ടാം നിരയോ മൂന്നാംനിരയോ ഉള്ള നടീനടന്മാർപോലും ഇത്തരത്തിലുള്ള വിവേചനങ്ങൾ നേരിടുമ്പോൾ പേരും ഊരുമില്ലാത്ത വെറും ആൾക്കൂട്ടങ്ങളായ ഇവരുടെ കാര്യം പറയാനുണ്ടോ? അതുപോലെ, നമ്മുടെയൊക്കെ വിചാരം എക്സ്ട്രാനടീനടന്മാർക്കു സൂപ്പർതാരങ്ങളെയെല്ലാം അടുത്തു കാണാനെങ്കിലുമുള്ള സാഹചര്യമുണ്ട് എന്നാണ്. അതും എത്ര സൗമ്യമായിട്ടാണ് രേഖാചിത്രം ബ്രേക്ക് ചെയ്യുന്നതെന്ന് ആ സിനിമ കണ്ടവർക്കറിയാം. താൻ ആരാധിക്കുന്ന മമ്മൂട്ടിച്ചേട്ടനെ ഒന്നു നേരിൽ കാണാൻപോലും രേഖയ്ക്കു സാധിക്കുന്നില്ല. സിനിമയുടെ തിളക്കത്തിലും പ്രശസ്തിയിലും മതിമറന്ന് അതിനെക്കാൾ വലിയ ലോകമില്ലെന്നു തെറ്റിദ്ധരിക്കുന്നവരുടെ നേരേയാണ് എക്സ്ട്രാനടീനടന്മാരുടെ ജീവിതത്തെക്കുറിച്ചുള്ള പച്ചയായ ചിത്രീകരണവുമായി രേഖാചിത്രം വ്യത്യസ്തതയോടെ നില്ക്കുന്നത്. രേഖാചിത്രത്തെക്കുറിച്ചുള്ള ഇതിനകമുള്ള നിരവധി വാഴ്ത്തലുകൾക്കിടയിൽ പ്രസ്തുത ചിത്രത്തിലെ ഇങ്ങനെയൊരു മുഖം ഒരിടത്തും പരാമർശിച്ചുകണ്ടില്ല. ആസിഫ് അലിയിലും അനശ്വരരാജനിലും മറ്റും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആസ്വാദനങ്ങളാണ് എവിടെയും നിറഞ്ഞുനിന്നിരുന്നത്. യഥാർഥത്തിൽ ഒരു എക്സ്ട്രാനടിയുടെ ജീവിതം എത്രത്തോളം ദുരിതമയം എന്നാണ് രേഖാചിത്രം പറഞ്ഞുതന്നത്.



രേഖാചിത്രത്തെക്കുറിച്ചു പറയുമ്പോൾ എക്സ്ട്രാനടീനടന്മാരുടെ ജീവിതം പരോക്ഷമായി പരാമർശിക്കപ്പെടുന്ന ഒരു ചിത്രത്തെക്കുറിച്ചുള്ള ഓർമയും മനസ്സിലേക്കു കടന്നുവരുന്നു: കമലിന്റെ പച്ചക്കുതിര. ദിലീപ് ഇരട്ടവേഷത്തിൽ അഭിനയിച്ച പ്രസ്തുത സിനിമയിൽ ദിലീപിന്റെ ഒരു വേഷം എക്സ്ട്രാനടന്റേതാണ്. സലിംകുമാർ, ഗോപിക എന്നിവരും അങ്ങനെയുള്ളവരാണ്. സൗന്ദര്യമുള്ള മുഖമായിട്ടെങ്കിലും രേഖാചിത്രത്തിലെ രേഖയ്ക്കു പ്രത്യക്ഷപ്പെടാൻ കഴിഞ്ഞുവെങ്കിൽ, ഈ സിനിമയിലെ ഒരു രംഗത്തിൽ ബോംബ്സ്ഫോടനത്തിലോ വാഹനാപകടത്തിലോ മരണമടഞ്ഞ മുഖവും ശരീരവുമുള്ള വികൃതമായ മനുഷ്യരായിട്ടാണ് സലീംകുമാറും ദിലീപും അഭിനയിച്ചത്. നമ്മെപ്പോലെയുള്ള മനുഷ്യരാണ് ഇത്തരത്തിലുള്ള അപ്രധാനവേഷങ്ങൾ ചെയ്യുന്നതെന്ന്, അതിനു പിന്നിലെ അവരുടെ കഷ്ടപ്പാടുകളെക്കുറിച്ച് നാം എപ്പോഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?

എക്സ്ട്രാനടീനടന്മാരെപ്പോലെ അപ്രസക്തരായ മറ്റൊരു കൂട്ടരാണ് ഡ്യൂപ്പുകൾ. സാഹസികരംഗങ്ങൾ ചിത്രീകരിക്കേണ്ടിവരുമ്പോഴോ അല്ലെങ്കിൽ പ്രധാനതാരത്തിന്റെ അഭാവത്തിലോ അവർക്കു പകരക്കാരാകുന്നവരാണ് ഡ്യൂപ്പുകൾ. ഡ്യൂപ്പിന്റെ സഹായമില്ലാതെ സാഹസികരംഗങ്ങളിൽ അഭിനയിക്കാൻ തയ്യാറായ ഒരേയൊരു നടൻ അന്തരിച്ച ജയൻ ആണെന്നാണ് പറഞ്ഞുകേൾക്കുന്നത്. അദ്ദേഹത്തിന്റെ ജീവനെടുത്ത കോളിളക്കം സിനിമയിലെ ഹെലികോപ്റ്റർ രംഗത്തേക്ക് ഡ്യൂപ്പിനെ നിർദേശിച്ചുവെങ്കിലും ജയൻ അതിനു തയ്യാറല്ലായിരുന്നു. സൂപ്പർതാരം മമ്മൂട്ടിക്ക് പല സിനിമകളിലും ടിനി ടോം ഡ്യൂപ്പായിരുന്നു. ദുൽഖർ സൽമാന്റെ ചാർലിയിൽ ചില രംഗങ്ങളിൽ ദുൽക്കറിന്റെ ഡ്യൂപ്പായി അഭിനയിച്ചത് ഇന്നത്തെ ശ്രദ്ധേയ യുവനടന്മാരിൽ ഒരാളായ ഹക്കീംഷാ ആയിരുന്നു.

നടി മോനിഷ അപകടത്തിൽപ്പെട്ട് അപ്രതീക്ഷിതമായി മരണമടഞ്ഞപ്പോൾ അവസാനമായി അഭിനയിച്ച സിനിമ പൂർത്തിയാക്കിയത് മോനിഷയ്ക്കു പകരം ഒരു ഡ്യൂപ്പിനെ വച്ചുകൊണ്ടായിരുന്നു. തിരക്കഥയിൽ ഏറെ മാറ്റങ്ങൾ വരുത്തി അപ്രകാരം അവസാനിപ്പിച്ച സിനിമയുടെ പേരാണ് ചെപ്പടിവിദ്യ. എന്തിന്, നാം പറഞ്ഞുതുടങ്ങിയ രേഖാചിത്രത്തിൽ എഐ സാങ്കേതികവിദ്യയുടെ സഹായത്തോടെ മമ്മൂട്ടിച്ചേട്ടനെ അവതരിപ്പിക്കാൻ സാധിച്ചതും ഒരു ഡ്യൂപ്പിനെ വച്ചുകൊണ്ടായിരുന്നുവല്ലോ. ഇതിനോടു ചേർത്തുപറയേണ്ട ഒരു പേരാണ് സുമാദേവി. മലയാളത്തിലെ ആദ്യവനിതാ ഫൈറ്ററും ഡ്യൂപ്പുമാണ് സുമാദേവി. ബാന്ദ്ര സിനിമയിൽ തമന്നയ്ക്കുൾപ്പടെ ഭാവന, മംമ്താ മോഹൻദാസ്, കീർത്തി സുരേഷ്, മൈഥിലി എന്നിങ്ങനെ ഒട്ടേറെ നടികളുടെ ഡ്യൂപ്പായിരുന്നു സുമാദേവി. ഇങ്ങനെ അനേകം സിനിമകളിൽ മുഖമില്ലാതെ ശരീരംമാത്രമായി അഭിനയിച്ച സുമാദേവി ദി സീക്രട്ട് ഓഫ് വുമൺ എന്ന സിനിമയിൽ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച് പ്രേക്ഷകരെ ഞെട്ടിച്ചതും വാർത്തയായിരുന്നു.

ഡ്യൂപ്പുകളെപ്പോലെതന്നെയുള്ള ഒരു വിഭാഗമാണ് സ്റ്റണ്ട് മാസ്റ്റേഴ്സ്. സിനിമയിൽ നായകൻ പറന്ന് ഇടിക്കുമ്പോഴും എതിരാളികളെ നിലം തൊടാതെ നേരിടുമ്പോഴും അവർക്കു പിന്നിൽ മറഞ്ഞിരിക്കുന്ന മുഖം സ്റ്റണ്ട് മാസ്റ്ററുടേതാണ്. നായകനെ പ്രേക്ഷകർക്കു വീരനാക്കി മാറ്റുന്നത് ഇത്തരം സ്റ്റണ്ട്താരങ്ങളാണ്. അതുകൊണ്ടുതന്നെ നായകനെക്കാൾ സ്റ്റണ്ട്മാസ്റ്ററെ ഇഷ്ടപ്പെടുകയും പ്രേമിക്കുകയും ചെയ്യുന്ന ഒരു നായികയുടെ കഥയും മലയാളത്തിലുണ്ടായിട്ടുണ്ട്. പൃഥ്വിരാജ് സുകുമാരൻ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച ശ്രദ്ധിക്കപ്പെടാതെപോയ സിനിമയായ ഹീറോ.



സിനിമയ്ക്ക് അവിഭാജ്യഘടകമായിട്ടും സിനിമയിലെ രംഗങ്ങൾ കളറാക്കുന്ന ഇത്തരക്കാരുടെ ജീവിതം ഒട്ടുമേ കളറല്ല എന്നതാണു വാസ്തവം. ഒരു സിനിമ കാണുമ്പോൾ-അത് നല്ലതോ ചീത്തയോ ഇഷ്ടമാകുകയോ ഇഷ്ടമാകാതിരിക്കുകയോ എന്തുമായിക്കൊള്ളട്ടെ - മുഖം പതിയാത്തതോ ടൈറ്റിൽ കാർഡിൽ പേരു തെളിയാത്തതോ ആയ അനേകരുടെ സമർപ്പണത്തെയും കഷ്ടപ്പാടുകളെയുംകുറിച്ചുകൂടി ഒന്നോർക്കുന്നത് നല്ലതായിരിക്കും. പേരും പ്രശസ്തിയും പണവും മറ്റുള്ളവർ കൊണ്ടുപോകുമ്പോൾ അർഹതപ്പെട്ടതുപോലും കിട്ടാതെവരുന്ന ഇത്തരക്കാരുടെ നിസ്സഹായതയ്ക്കും ഇവർ നേരിടുന്ന ചൂഷണത്തിനും ആരു പരിഹാരം നിർദേശിക്കും?

എക്സ്ട്രാനടീനടന്മാരായി ജീവിതം ആരംഭിച്ചവർ ജീവിതാവസാനംവരെ അതേരീതിയിൽ തുടരുകയാണു പതിവ്. കട്ടപ്പനയിലെ ഋത്വിക്റോഷൻ സിനിമയിൽ പറയുന്നതുപോലെ കള്ളനായി അഭിനയിച്ചുതുടങ്ങിയോ, അഭിനയരംഗത്തു തുടരുന്നിടത്തോളം കാലം കള്ളൻതന്നെയായിരിക്കും. എന്നാൽ, അപൂർവം ചിലർ അത്തരം വിശ്വാസങ്ങളെ മാറ്റിയെടുക്കാറുണ്ട്. അതിലൊരാളാണ് ശാന്തി എന്ന നർത്തകി. 1970 കളുടെ അവസാനത്തെ കഥയാണ് ഇത്. അനേകം സിനിമയിൽ ഡാൻസ് രംഗങ്ങളിൽ നായികയ്ക്കു പിന്നിൽ നില്ക്കുന്ന നർത്തകിമാരിലൊരാൾ. അതായിരുന്നു ശാന്തി. പക്ഷേ, ക്യാമറക്കണ്ണിലൂടെ സംവിധായകൻ അവളെ നോക്കിയപ്പോൾ അവളിലൊരു നായികയുണ്ടെന്നു തിരിച്ചറിഞ്ഞു. ആ തിരിച്ചറിവ് അവളുടെ ശിരോലിഖിതം മാറ്റിയെഴുതുകയായിരുന്നു. സിനിമയിലെ ഡാൻസ് രംഗങ്ങളിൽ ആരുടെയും പ്രത്യേകമായി ശ്രദ്ധയിൽപ്പെടാതെ നൃത്തം ചെയ്ത ആ പെൺകുട്ടി പിന്നീട് മലയാളസിനിമാചരിത്രത്തിലെ നായികാവസന്തമായി. അതേ സംവിധായകന്റെ ഭാര്യയായി. ആ നടിയുടെ പേരാണ് സീമ. ശാന്തിയെപ്പോലെ അപൂർവം ചിലർക്ക് ആ ഭാഗ്യമുണ്ടായെങ്കിൽ, ഭൂരിപക്ഷവും രേഖയെപ്പോലെ ഒന്നുമാകാതെ അവസാനിക്കുകയാണു പതിവ്. അങ്ങനെ, വിളക്കിന്റെ തീയിൽ ചിറകു വാടിക്കരിഞ്ഞു പോകുന്ന അനേകം രേഖമാരെ ഓർമിപ്പിക്കുന്ന ചിത്രമായാണ് രേഖാചിത്രം ഈയുള്ളവന് അനുഭവപ്പെട്ടത്.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 4 Date of Publication 20 March 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

# വിശുദ്ധ അൽഫോൻസാ കുഞ്ഞനുജത്തിമാരെ ക്ഷണിക്കുന്നു

## ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹം അൽഫോൻസാ പ്രൊവിൻസ്, പാലാ



വിശുദ്ധ അൽഫോൻസാ
(1910 – 1946)

വിശുദ്ധ ഫ്രാൻസീസിന്റെയും വിശുദ്ധ ക്ലാരയുടെയും മാർഗത്തിൽ ചരിച്ച് വിശുദ്ധപദവിയിലെത്തിയ വിശുദ്ധ അൽഫോൻസാമ്മയെ അനുകരിച്ചു വിശുദ്ധിയിലേക്കു വളരാൻ തീവ്രമായി ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സിയോ, +2 വോ ഉപരിപഠനമോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിൽ ചേർന്ന് ഇടവകസേവനം, സുവിശേഷപ്രഘോഷണം, ആതുരശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹികക്ഷേമപ്രവർത്തനം, സാധുജനസംരക്ഷണം എന്നീ രംഗങ്ങളിലും കേരളത്തിനു വെളിയിൽ ശാന്തസുന്ദരമായ മേഘാലയമിഷനിലും വിദേശമിഷനായ ഇറ്റലി, ജർമനി എന്നിവിടങ്ങളിലും ദൈവരാജ്യവിസ്തൃതിക്കായി പ്രയത്നിക്കുവാൻ ഈശോ നിങ്ങളെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക

Vocation Promoter
F.C.C. Alphonsa Province, Pala
San Damiano, Puliyannoor P.O., Kottayam Dt., Kerala
Pin 686 573, Ph: 04822- 206019, 8281732475

# സേക്രഡ് ഹാർട്ട് പ്രൊവിൻസ്, പാലാ

## കുഞ്ഞനുജത്തിമാർക്കു സ്വാഗതം



ഈശോയുടെ തിരുഹൃദയത്തിലൂടെ വെളിപ്പെടുത്തപ്പെട്ട പിതാവായ ദൈവത്തിന്റെ കരുണാർദ്രസ്നേഹം ആഴമായി അനുഭവിച്ച്, ഈശോയുടെ തിരുഹൃദയ സമ്പത്ത് സ്വായത്തമാക്കി, അഗതികളും ആലംബഹീനരുമായ സാധുസഹോദരങ്ങൾക്ക് ഉദാരമായി വിതരണം ചെയ്യുന്നതിനായി ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനാൽ 1911 ൽ കേരളത്തിൽ സ്ഥാപിതമായതാണ് തിരുഹൃദയ സന്ന്യാസിനീസമൂഹം!

ഇന്നു കേരളത്തിലും കേരളത്തിനു വെളിയിലും വിദേശത്തുമായി തിരുഹൃദയസന്ന്യാസിനികൾ കുടുംബപ്രേഷിതത്വം, ഇടവകസേവനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, രോഗീപരിചരണം, അനാഥസംരക്ഷണം, സുവിശേഷപ്രഘോഷണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ഈ സന്ന്യാസിനീസമൂഹത്തിൽ ചേരാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി.യോ പ്ലസ് ടുവോ ഉന്നതവിദ്യാഭ്യാസയോഗ്യതകളോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

Vocation Promoter
S.H. Provincial House
PALA- 686 575 PH: 9449636975

# MISSIONARY CONGREGATION OF THE DAUGHTERS OF ST.THOMAS(DST)



എന്റെ കർത്താവേ,
എന്റെ ദൈവമേയെന്ന്
ക്രിസ്തുവിന്റെ ചങ്കിൽതൊട്ട്
പ്രഘോഷിക്കുവാൻ
വിശുദ്ധ തോമാശ്ലീഹായെപ്പോലെ
ഇരുളിന്റെ ദിശയെ
വെളിച്ചമാക്കുവാൻ ഇന്നിന്റെ
വെല്ലുവിളികൾക്കു
മുമ്പിൽ ജ്വലിക്കുന്ന
സാക്ഷ്യമാകുവാൻ
നീ ധൈര്യപ്പെടുന്നുവെങ്കിൽ
'വന്നു കാണുക'

## DST സാന്തോം പ്രൊവിൻസ് നിങ്ങളെ ക്ഷണിക്കുന്നു

The Missionary Congregation of the
Daughters of St. Thomas the Apostle
Santhome Provincial House
Chethimattom, Pala P.O.
Kottayam (Dt) - 686575
Ph: 8289938859

## SABS സന്ന്യാസിനീസമൂഹത്തിലേക്കു സ്വാഗതം

# വിശുദ്ധ കുർബാനയിലെ ഈശോ നിങ്ങളെ വിളിക്കുന്നു



ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനായ ധന്യൻ മാർ തോമസ് കുര്യാളശേരിപ്പിതാവിന്റെയും ദൈവദാസി ബഹു. ഷന്താളമ്മയുടെയും അത്യഗാധമായ ദിവ്യകാരുണ്യഭക്തിയിൽനിന്നു രൂപംകൊണ്ടതാണ് (1908)വിശുദ്ധ കുർബാനയുടെ ആരാധനാസന്ന്യാസിനീസമൂഹം (SABS).

ലോകാവസാനംവരെ നമ്മോടൊപ്പമായിരിക്കാൻവേണ്ടി വിശുദ്ധ കുർബാനയായിത്തീർന്ന ഈശോ, എല്ലാവരാലും അറിയപ്പെടാനും ആരാധിക്കപ്പെടാനും സ്നേഹിക്കപ്പെടാനും ലോകപാപങ്ങൾക്കു പരിഹാരം ചെയ്യാനും ഈ സമൂഹത്തിലെ അംഗങ്ങൾ തീവ്രമായി ആഗ്രഹിക്കുന്നു, പരിശ്രമിക്കുന്നു. അതിനായി രാവും പകലുമുള്ള വിശുദ്ധ കുർബാനയുടെ ആരാധന, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ജീവകാരുണ്യപ്രവർത്തനങ്ങൾ, വചനപ്രഘോഷണം തുടങ്ങിയ മാർഗങ്ങളിലൂടെ ദേശത്തും വിദേശത്തുമായി നമ്മുടെ സിസ്റ്റേഴ്സ് ദിവ്യകാരുണ്യ ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്നു.

ഈ സന്ന്യാസിനീസമൂഹത്തിൽ ചേർന്ന്, ഈശോയുടെ രക്ഷാകരവേലയിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി./+2/ഉപരിവിദ്യാഭ്യാസയോഗ്യതയുള്ള യുവതികളെ സ്നേഹപൂർവം ക്ഷണിക്കുന്നു.



ധന്യൻ
മാർ തോമസ് കുര്യാളശേരി
(സഭാസ്ഥാപകൻ)
1873 – 1925



ദൈവദാസി
ബഹു. ഷന്താളമ്മ
(സഹസ്ഥാപിക)
1880 – 1972

Vocation Promoter
SABS Provincial House
Christ Hall, Pala, Ph : 04822-215257, 9495834381

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org